THE KERALA APPROPRIATION (NO. 1) BILL, 1964

Chief Minister **(Shri R. Sankar)** : Madam, I introduce the Kerala Appropriation (No. 1) Bill, 1964.

Deputy Speaker : The Bill stands introduced.

Shri R. Sankar : Madam, I move that the Kerala Appropriation (No.1) Bill, 1964 be taken into consideration.

Minister for Industries and Local Administration **(Shri K. A. Damodara Menon)** : Madam, I second it.

ശ്രീ. എൻ. ഈ.ബലറാം : സർ, ഈ ബില്ലിനെ എതിർക്കുകയാണു്. ചില ഉപധനാഭ്യർത്ഥനകളും സഭ അംഗീകരിച്ച ചില നല്ലകാര്യങ്ങളും നാട്ടിൽ നടക്കുന്നതുകൊണ്ടുള്ള വിരോധം കൊണ്ടല്ല ഞാൻ ഇതിനെ എതിർക്കുന്നതു്. ഒന്നാമതു് ഇപ്പോൾ ഒരു ബഡ്ജറ്റു വരാൻ പോകുകയാണു്. നാളെത്തന്നെ ബഡ്ജറ്റു അവതരിപ്പിക്കും. കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി കാണുന്ന പതിവു് എന്താണെന്നു വച്ചാൽ കൊല്ലാവസാനം ഉപധനാഭ്യർത്ഥനയുമായി മന്ത്രി സഭയെ സമീപിക്കുകയാണു്. ഇതിലുള്ള പൊരുത്തക്കേടു് ഈ സഭയിൽ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. വലിയ സംഖ്യ ഉപധനാഭ്യർത്ഥനയായി ഗവണ്മെൻറു മാഗത്തുനിന്നും ആവശ്യപ്പെടുമ്പോൾ ബഡ്ജറ്റിൽ അംഗീകരിച്ച തുക ചില പ്രധാനപ്പെട്ട ഇനങ്ങൾക്കു ചെലവാക്കോതിരിക്കുക ഈ അനുഭവം നമുക്കുണ്ടു്. പ്ലാനിംഗിൻെറ കാര്യത്തെ സംബന്ധിച്ചു പോദ്യോത്തര വേളയിൽതന്നെ ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി അതിലേയ്ക്കു നീക്കിവെച്ചിട്ടുള്ള സംഖ്യയിൽ പകുതിയിൽ താഴെയുള്ള സംഖ്യ ഇനിയും ചെലവാക്കാനായി ഉണ്ടെന്നു്. വളരെ വമ്പിച്ച തുക ഇനിയും ചെലവാക്കണ്ടിയിരിക്കുന്നു. അതേസന്ദർഭത്തിൽത്തന്നെ കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടു് ഇപ്പോൾ ഉപധനാഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നു. അങ്ങനെ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ ഈ സഭയിൽതന്നെ പലപ്പോഴും വാഗ്ദാനങ്ങളും നൽകിയിട്ടുള്ള പല പ്രധാനപ്പെട്ട കാര്യങ്ങളുംകൂടി വല്ല പരിഗണനയും നൽകിയിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലതാനും. എന്നോടുതന്നെ രണ്ടുമൂന്നുതവണ നടത്താമെന്നു സമ്മതിച്ചിട്ടുള്ള പല കാര്യങ്ങളും മന്ത്രി വിട്ടുകളഞ്ഞതായിട്ടാണു് കാണുന്നതു്. ഞാനൊരു ഉദാഹരണം പറയാം. കണ്ണൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ടു റോഡുകളുടെ കാര്യങ്ങളാണു് ഈ സഭയിൽ പല പ്രാവശ്യവും മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള കാര്യങ്ങളാണു്. കിഴക്കൻ പ്രദേശങ്ങളിൽ പുതുതായി ആളുകളും താമസിച്ചുവരുന്നവർക്കു പട്ടണവുമായി ബന്ധപ്പെടുത്തുന്ന രണ്ടു പ്രധാനപ്പെട്ട റോഡുകളുടെ കാര്യം ഞാൻ ബഹുമാനപ്പെട്ട പി. ഡബ്ലൂ. മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതാണു്. പുതിയ റോഡുകളും വെട്ടാനും പാലങ്ങളും പണിയുവാനും മന്ത്രിയുടെ ഉപധനാഭ്യർത്ഥനയിൽ ആവശ്യപ്പെട്ടിട്ടുണ്ടു്. തലശ്ശേരി അഞ്ചരക്കണ്ടി ഇരുപ്പക്കൂർ റോഡു്. കഴിഞ്ഞ മുന്നു വർഷമായി ഈ റോഡിൻെറ പണിക്കുവേണ്ടി ബഡ്ജറ്റിൽ തുക നീക്കിവച്ചിരിക്കുന്നു. 60-61, 61-62, 62-63 ഈ മൂന്നു വർഷവും പ്രവർത്തനം ഉണ്ടാകുമെന്നു വിശ്വസിച്ചിരുന്നു. അതിൻെറ പ്രവർത്തനത്തെ സംബന്ധിച്ചയാതൊരു നടപടിയും നടന്നിട്ടില്ല. മറെറാരു റോഡു് പഴശ്ശി കാഞ്ഞാങ്ങാടു് റോഡു്. ഈ രണ്ടു റോഡിനും തുകകളും. കഴിഞ്ഞ മൂന്നുവർഷമായി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ടെങ്കിലും ഒരു പൈപോലുംചെലവാക്കുവാൻ കഴിഞ്ഞിട്ടില്ല. വളരെ പ്രധാനപ്പെട്ട റോഡുകളാണു് ഇവ.അതുപോലെതന്നെ അവിടെ രണ്ടു പാലങ്ങളുടെ നിർമ്മാണകാര്യം. വളരെപ്രധാനപ്പെട്ടതാണെന്നു ഞങ്ങളും ആവർത്തിച്ചാവർത്തിച്ചു ആവശ്യപ്പെട്ടിട്ടും ഒരു ഇഞ്ചുപോലും അതിൻെറ പണി മുന്നോട്ടുപോയിട്ടില്ല. അതിൽ ഒരുപാലത്തിൻെറ പണിപകുതിയായിട്ടു നിൽക്കുകയാണു്. അഞ്ചുവർഷക്കാലമായി പാലത്തിൻെറ ആവശ്യത്തിനു പണം വച്ചിരുന്നുവെങ്കിലും ആ പാലത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

പണി ഒരാളെ എൽപ്പിച്ചു എന്നുള്ളതിൽ കവിഞ്ഞു അതു പൂർത്തിയായിട്ടില്ല. ബഡ്ജറ്റിൽ പണം കൊള്ളിക്കുകയും ഇന്നയിന്നകാര്യങ്ങൾ ചെയ്യുമെന്നു നാട്ടുകാരെ അറിയിക്കുകയും ചെയ്തതിനുശേഷം പ്രവൃത്തികൾ നടക്കാതെ പോകുകയാണു്. എന്നിട്ടു പുതുതായി സംഖ്യകൾ ആവശ്യപ്പെടുന്നതിന്റെ ആവശ്യമെന്താണു്. പണം ചെലവാക്കുമെന്നും റോഡുകൾ ഉണ്ടാക്കുമെന്നുള്ളതിനും വല്ല ഉറപ്പുമുണ്ടോ ? ഈ റോഡുകളുടെ കാര്യം പലപ്രാവശ്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും ഇതുവരെ അതു തുടങ്ങിയിട്ടില്ല. വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഈ റോഡുകൾ എല്ലാം വെള്ളം കൊണ്ടുനിറഞ്ഞു അവിടുള്ള ഗതാഗതം പൂർണ്ണമായി നിശ്ചലമാകുന്നുണ്ടു്. മുന്നു സ്ഥലത്തു ഇറങ്ങി മുന്നു ബസ്സുകളിൽ കയറിയെങ്കിൽ മാത്രമേ കിഴക്കൻ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കു ഈ പ്രദേശത്തു വന്നെത്തുന്നതിനു സാധിക്കുകയുള്ളു. ഫ്ളഡ് കൺട്രോൾ കാര്യത്തിൽ എന്തെങ്കിലും പരിഹാരം ഉണ്ടാക്കുവാൻ കഴിയുമോ എന്നു ആലോചിക്കുവാൻ മന്ത്രിയും ചീഫ് ഇൻജിനിയരും കൂടി അവിടെ വന്നപ്പോൾ ഈ ദുഃസ്ഥിതി നേരിട്ടു കണ്ടു മനസ്സിലാക്കിയതാണു്. എന്നിട്ടും ഒരു പൈസ പോലും ചെലവാക്കുവാൻ കഴിഞ്ഞിട്ടില്ലാത്ത സ്ഥിതിയ്ക്കു് ഇനിയും എന്തിനു ഞങ്ങൾ ഈ തുക പാസ്സാക്കിത്തരണം. ഇങ്ങനെയാണെങ്കിൽ പ്ലാൻ പ്രവർത്തനങ്ങൾ മുമ്പോട്ടു പോകും. എത്ര നിങ്ങൾ നടത്തുമെന്നു പറഞ്ഞാലും ജനങ്ങൾക്കു ഇന്നു വിശ്വാസമില്ല. പഴശ്ശി കാഞ്ഞങ്ങാടു റോഡിന്റെ കാര്യം അഞ്ചാറുവർഷമായി ഗവണ്മെന്റിന്റെ അനാസ്ഥമൂലം ഉപയോഗശൂന്യമായി കിടക്കുകയാണു്. അതിന്റെ റിപ്പയർ ചെയ്യുന്നതിനുള്ള കാലം അതിക്രമിച്ചുകഴിഞ്ഞു എന്നു് അവിടെയുള്ള ജില്ലാ വികസന കൗൺസിൽ നാലഞ്ചു പ്രാവശ്യം യോഗം കൂടി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടു്. യാതൊരു ഗതാഗതസൗകര്യവുമില്ലാതെ വളരെയധികം ബുദ്ധിമുട്ടി ജനങ്ങൾ സഹിക്കേണ്ടിവരുന്നുണ്ടു്. കിഴക്കൻ പ്രദേശങ്ങളിൽ ജനങ്ങൾ കൃഷിചെയ്തു ഉണ്ടാക്കുന്ന ഉൽപാദനങ്ങൾക്കു നല്ല വില കിട്ടണമെങ്കിൽ വാഹനഗതാഗത സൗകര്യം ഉണ്ടായിരിക്കണം. അവിടെ ഇല്ലാത്തതുകൊണ്ടു് ഉൽപ്പന്നങ്ങൾ അവർക്കു വിറ്റഴിക്കുന്നതിനു സൗകര്യമില്ല. അതുകൊണ്ടു് പ്രദേശങ്ങളെ റയിൽവേ സ്റ്റേഷനോടും പട്ടണത്തോടും ബന്ധിപ്പിക്കുന്ന ഈ റോഡ് ഗതാഗതയോഗ്യമാക്കിത്തീർക്കേണ്ടതു വളരെ അത്യാവശ്യമാണു്.

മറ്റൊരു കാര്യം എനിക്കു പറയുവാനുള്ള പഴശ്ശി പദ്ധതിയെപ്പറ്റിയാണു്. രണ്ടരലക്ഷം രൂപ അതിലേയ്ക്കു കാണിക്കുന്നുണ്ടു്. പ്ലാനിംഗ് കമ്മീഷന്റെ സമ്മതമില്ലാത്തതുകൊണ്ടാണു് അതു പുരോഗമിക്കുന്നതെന്നും സമ്മതം വാങ്ങാൻ ശ്രമിക്കുന്നതാണെന്നും മന്ത്രി സഭയിൽ ഉറപ്പു നൽകിയിരുന്നതാണു്. ആ പദ്ധതിയുടെ പ്രവർത്തനം നടക്കണമെങ്കിൽ ഈ രണ്ടരലക്ഷം രൂപ ഒരു കാര്യമല്ല. സ്ഥലം അക്വയർ ചെയ്തു ടണൽവെട്ടി കൊണ്ടുവരേണ്ട ഒരു പദ്ധതിയാണു്. അതു്. അതിനു ഈ പത്തു ലക്ഷം രൂപ ഒരു കാര്യവുമല്ല. എങ്ങനെയെങ്കിലും നല്ലൊരു തുക ഈ പദ്ധതിക്കുവേണ്ടി വകയിരുത്താത്ത പക്ഷം വരുന്നകൊല്ലവും യാതൊരു പ്രവർത്തനവും ഉണ്ടാകുകയില്ല. അഞ്ചാറു കൊല്ലമായി വന്ന അലസ നയം കാരണം എത്രയോ കൊല്ലം നേരത്തേ ചെയ്യാനുള്ള ജലസേചന പ്രവർത്തനങ്ങൾ വൈകികിടക്കുകയാണു്. ഇങ്ങനെയുള്ള കാര്യങ്ങൾ ഗവണ്മെന്റു ശ്രദ്ധിക്കാതെ പോകുന്നതിൽ ദുർവിനിയോഗം ഉണ്ടു്. അതുകൊണ്ടാണു് ഞാൻ ഈ അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുന്നതു്.

<u>ശ്രീ. പി. മാമുണ്ണിക്കുറുപ്പു്</u> : സർ, ഈ ധനവിനിയോഗ അഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണു്. ഇവിടെ അഞ്ചുകോടിയിലധികം വരുന്ന സംഖ്യ ഉപയോഗിക്കുവാനുള്ള അനുവാദത്തിനുവേണ്ടിയാണു് അഭ്യർത്ഥന കൊണ്ടുവന്നിരിക്കുന്നതു്. ഓരോ ഇനങ്ങളിലും ഗവണ്മെന്റു നിശ്ചയിച്ച തുകയും അതു എത്രത്തോളം നിർവഹിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും കണക്കാക്കിയാൽ കാര്യം ചിന്തിച്ചു കൊണ്ടല്ലാതെ ഈ തുക ചെലവാക്കുന്നതിനു അനുവാദം നൽകുന്നതിനു തയാറാകുകയില്ല; എന്നാണു് എന്റെ വിശ്വാസം. പലതു അതിപ്രധാനമായി ചിന്തിക്കാനുണ്ടു്. ചില ഉദ്യോഗസ്ഥന്മാരെ സസ്പെൻറു് ചെയ്ത കാലത്തിനും ഡിസ്മിസ് ചെയ്ത സസ്പെൻഷൻ റദ്ദുചെയ്ത ഇടയ്ക്കുള്ള കാലത്തേക്കു അവർക്കു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. രാമുണ്ണിക്കുറുപ്പ്]

ശമ്പളവും അലവൻസും കൊടുക്കുന്നതിനുവേണ്ടിയാണ് കാറ സംഖ്യ ഇപ്പോൾ ആവശ്യപ്പെടുന്നതു്. സസ്പെൻഷൻ മിക്കവാറും അനധികൃതമായിരുന്നുവെന്നും പര്യാലോചന കൂടാതെ ചെയ്ത ഉത്തരവിന്റെ ഫലമാണു് എന്നും ഹൈക്കോടതി വിധിയിൽ പ്രത്യേകം പറയുന്നുണ്ടു്. അതിന്റെ വെളിച്ചത്തിലാണു് ഈ തുക കൊടുക്കേണ്ടിവരുന്നതു്. മറ്റൊരു കാർഷികാദായ നികുതിക്കു അപ്പീൽ കൊടുത്തിരിക്കുന്നതിനു ഗവണ്മെന്റു ഭാഗം വാദിക്കുവാൻ കോടതിയിൽ ഉദ്യോഗസ്ഥനെ നിയമിച്ചതിനുവേണ്ടിയാണു്. ഈ രണ്ടു പ്രശ്നങ്ങളും ആദ്യമായി പരിശോധിക്കുവാൻ നാം നിർബന്ധിതരാണു്. ഈ സഭാതലത്തിൽവച്ചുതന്നെ ഈ കാര്യം നാം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു് കാർഷികദായനികുതി ചുമത്തിവരുമ്പോൾ നികുതിദായകന്മാർ അപ്പീലിനു പോകുമെന്നും അപ്പോൾ കോടതി അവർക്കു അനുകൂലമായ ഒരു നിലപാടു സ്വീകരിക്കുകയാണെങ്കിൽ അതു കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും അതുകൊണ്ടു് വളരെ അവധാനതയോടുകൂടി ഈ പ്രശ്നം പരിശോധിക്കണമെന്നും ഈ സഭാതലത്തിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ളതാണു്. എന്നാൽ അന്നു അതു ആരും വകവച്ചില്ല. കണക്കിലേറെ കേസുകൾ അപ്പീലിനുപോയി അപ്പോൾ അതിനുവേണ്ടി ഉദ്യോഗസ്ഥനെ നിയമിക്കേണ്ടിവന്നു. ഇപ്പോൾ കൂടുതൽ ധനാഭ്യർത്ഥനകൾ വന്നിരിക്കുകയാണു്. എക്സിക്യൂട്ടീവു് ഹർജിക്കു വേണ്ടി വരുന്ന കോടതിച്ചെലവിനു കുറെ സംഖ്യ ആവശ്യപ്പെട്ടിരിക്കുകയാണു്. വനത്തിനു ബേസിക്കുടാക്കു പിരിക്കുന്നതു അടിസ്ഥാനരഹിതമാണെന്നും അതുകൊണ്ടു ആ നികുതി പിരിക്കുന്ന നടപടി സ്റ്റേ ചെയ്തുകൊണ്ടു് ഉത്തരവുണ്ടായിട്ടുണ്ടു്. അതിനെ വകവയ്ക്കാതെ മറ്റു എല്ലാ നികുതിദായകന്മാരിൽനിന്നും വസൂലാക്കുവാൻ ശ്രമിച്ചു. അനധികൃതമായി നികുതി വസൂലാക്കിയെന്നുകണ്ടു പലരും ഇതു സംബന്ധിച്ചു അപ്പീൽ ബോധിപ്പിച്ചു. അങ്ങനെ എക്സിക്യൂട്ടീവു് പെറ്റിഷനുവേണ്ടി കോടതിച്ചെലവു് 18,300 രൂപ ഇപ്പോൾ ആവശ്യപ്പെടുകയാണു്.

അങ്ങനെ എവിടെനോക്കിയാലും ശരിയായ ചിന്തയോടുകൂടിയോ, ശരിയായ സമീപനത്തോടുകൂടിയോ ഉള്ള നടപടികളും സ്വീകരിക്കാത്തതിന്റെ ഫലമായിട്ടാണു് ഈ സംഖ്യ ഇപ്പോൾ ഉപധനാഭ്യർത്ഥനയായിട്ടു് ആവശ്യപ്പെടാൻ ഇടവന്നിട്ടുള്ളതു്. ഇതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും വസ്തുനിഷ്ഠമായ രീതിയിൽ ഒന്നു് പിന്തിരിഞ്ഞു നോക്കണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. പോലീസു് വകുപ്പിലാണെങ്കിൽ കണക്കിലേറെ സംഖ്യ ആവശ്യപ്പെട്ടിരിക്കുകയാണു്. സ്പെഷ്യൽ ആംഡ് പോലീസിന്റെ ആവശ്യത്തിലേയ്ക്കും, സസ്പെൻഡുചെയ്ത ഉദ്യോഗസ്ഥന്മാക്കു് ശമ്പളം കൊടുക്കുന്നതിനുവേണ്ടിയും ആണു് രൂപ ആവശ്യപ്പെട്ടിരിക്കുന്നതു്. സസ്പെൻഷൻ കാര്യത്തിൽ വളരെ പക്ഷപാതപരമായ രീതിയിലാണു് ഗവണ്മെൻറിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കുന്നതു്. ഒരാശുപത്രിയിലെ ഒരു നേഴ്സിനെ ബലാൽസംഗം ചെയ്യാൻ പരിശ്രമിച്ച ഒരു സബ്ഇൻസ്പെക്ടരുടെ പേരിൽ കേസുമില്ല, സസ്പെൻഷനുമില്ല. എന്നാൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുവെന്നപേരിൽ ഒരു പോലീസു് സബ്ഇൻസ്പെക്ടറെ സസ്പെൻഡു ചെയ്യുകയുണ്ടായി. ആ ഉദ്യോഗസ്ഥൻ കോടതിയിൽ ശരണംപ്രാപിക്കുകയും, കോടതിയിൽനിന്നു് ആ ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ റദ്ദുചെയ്തുകൊണ്ടുള്ള വിധിയുണ്ടാകുകയുംചെയ്തു. ഈ കാരണങ്ങളാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ധാരണപരന്നിട്ടുണ്ടു്. അതായതു് എന്തുചെയ്താലും തരക്കേടില്ല, ഭരണകക്ഷിയേയും, അതിലെ പ്രത്തകന്മാരേയും സന്തുഷ്ടരാക്കിത്തീർത്താൽമതി ഒരു കുറവും വരികയില്ലെന്നു്. ഇതിനെപ്പറ്റി വളരെ ഉത്തരവാദിത്വത്തോടുകൂടി പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഇന്നു് നീതിന്യായം പലതേണ്ട കോടതികളുടെ വിധിയെപ്പോലും മാനിക്കാത്ത നിലപാടാണുള്ളതു്. നീതിന്യായകോടതികളുടെ വിധിയെ ഗവണ്മെൻറിൽനിന്നും ആദരിച്ചിരുന്നുവെങ്കിൽ, ഇന്നു് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്ന സംഖ്യകളെല്ലാംതന്നെ നിർമ്മാണപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ സംഖ്യകളൊന്നംതന്നെ ഇതിൽപറയുന്ന കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കേണ്ടിവരികയില്ലായിരുന്നു. ഇതെല്ലാം പരിശോധിച്ചുനോക്കിയാലറിയാം സ്വന്തം ആവശ്യത്തിനുവേണ്ടിയും, സ്വന്തം കക്ഷിയിലുള്ളവരെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയും സ്ഥാപിതതാല്പര്യത്തിന്റെ ചട്ടുകമായിട്ടാണ് ഉദ്യോഗസ്ഥന്മാർ ഉപയോഗിക്കപ്പെടുന്നതെന്ന്. 1963-ൽ S C.12-ാംനമ്പരായി തലശ്ശേരിയിലുള്ള സെക്ഷൻ കോടതിയിൽ ഒരുവിധിയുണ്ടായി. പക്ഷെ ആ വിധിയിൽ സ്വന്തം താൽപര്യത്തമുൻനിറുത്തി എഫ്. ഐ. ആർ. നെപിച്ചിചീന്തികളഞ്ഞിട്ട് വേറൊന്ന് കൃത്രിമമുണ്ടാക്കി കേസ്സ് ചാജ്ജുചെയ്തു. എന്നു പോലീസ്സ് ഉദ്യോഗസ്ഥനെകുറ്റപ്പെടുത്തി. പക്ഷെ ആ ഉദ്യോഗസ്ഥന്റെ പേരിൽ ഒരു നടപടിയും എടുത്തില്ല. ഇങ്ങനെ കക്ഷിയിൽപ്പെട്ടവരുടെ താൽപ്പര്യത്തെ മുൻനിറുത്തി ജനങ്ങളെദ്രോഹിക്കാൻ ഉദ്യോഗസ്ഥന്മാർ ശ്രമിച്ചിട്ടുള്ളതായി പല കേസ്സുകളിലും വിധിയുണ്ടായിട്ടുണ്ട്. 1964—ലെ പന്ത്രണ്ടാം നമ്പർ സെക്ഷൻ കോടതിയിലുള്ള ഒരു കേസ്സിനെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഇതിന്റെ ഫലമായി ഇന്നു ഉദ്യോഗസ്ഥന്മാർ സത്യസന്ധമായും, നീതിപൂർവ്വകമായും, നിഷ്പക്ഷമായും പെരുമാറാൻ തയ്യാറാകാതെ, ഭരണകക്ഷിയുടെ സ്ഥാപിതതാൽപ്പര്യത്തെമുൻനിറുത്തി എന്തും പ്രവർത്തിക്കാൻ തയ്യാറാകുകയാണ്. അതിന്റെ ഫലമായിട്ട് വണ്ടിവന്ന ചെലവുകൾക്കുവേണ്ടിയാണ് ഇപ്പോൾ ഉപധനാഭ്യർത്ഥനമൂലം സംഖ്യകൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഇങ്ങനെ ആവശ്യമില്ലാതെ തുകകൾ ചെലവാക്കുന്നതുകൊണ്ട് നമ്മുടെ രാജ്യത്തു് യാതൊരുവിധത്തിലുമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കാതെപോകും. എന്തായാലും ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനത്തിൽ കുറെക്കൂടി ശ്രദ്ധപതിപ്പിക്കുകയും, അവരുടെ പ്രവർത്തനങ്ങൾ നീതിപൂർവ്വകമായും നിഷ്പക്ഷമായും നടത്തുന്നതിനാവശ്യമായ നടപടികളെടുക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ രാജ്യത്തുള്ള അദ്ധ്യാപകന്മാരാണെങ്കിൽ അവർ ഒരു സമരം തുടങ്ങാൻ പോകുകയാണ്. രണ്ടുദിവസത്തിനുമുമ്പു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി, ഇങ്ങനെയൊരു നിർദ്ദേശം ഗവണ്മെൻറിലേയ്ക്കു് കൊടുത്തിട്ടില്ലെന്ന്. അദ്ധ്യാപകന്മാരുടെകാര്യത്തിൽ ഗവണ്മെൻറിൽനിന്നും ശ്രദ്ധപതിപ്പിക്കേണ്ടതാവശ്യമാണ്. അദ്ധ്യാപകന്മാക്കാണെങ്കിൽ എഫക്ടീവു് സ്റ്റഗ്ത്തു് ഇല്ലാത്തതുകൊണ്ട് അവരുടെ ഫിക്സേഷൻ വകവച്ചുകൊടുക്കുന്നില്ല. അദ്ധ്യാപകന്മാക്കു് ഗവണ്മെൻറിൽനിന്നും കിട്ടേണ്ടതായൊരു ആനുകൂല്യങ്ങളും കിട്ടുന്നില്ല. അതിന്റെ ഫലമായി നമ്മുടെ രാജ്യത്തിലെ അദ്ധ്യാപകന്മാർ ഇന്നു് പട്ടിണിയിൽ കഴിഞ്ഞുകൂടുകയാണ്. ഈ രാജ്യത്തിലെ അദ്ധ്യാപകന്മാർ അടുത്തമാസം രണ്ടാം തീയതി ഒരു പ്രത്യക്ഷസമരപരിപാടി സ്വീകരിക്കാൻ പോകുകയാണ്. മലബാറിലെ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഏറ്റവും അവഗണനയാണ് ഉള്ളതു്. എനിക്കു് പറയുവാനുള്ളതു് ഈ രാജ്യത്തെ അദ്ധ്യാപകന്മാരെ സമരരംഗത്തിലേയ്ക്കു് വലിച്ചിഴയ്ക്കുന്നതു് അഭികാമ്യമായിരിക്കുമെന്നാണ്. അതുകൊണ്ട് അവരുടെ കാര്യത്തിൽ എന്തെങ്കിലും പരിഹാരനടപടി എടുക്കേണ്ടതാവശ്യമാണ്. ഇക്കാര്യങ്ങളും ഗവണ്മെൻറിൽനിന്നും പരിഗണിച്ചു് ആവശ്യമായ നടപടികളും കൈക്കൊള്ളേണ്ടതാണ്

ശ്രീ. ടി. ഒ. ബാവാ : സർ ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിച്ചുകൊണ്ട് ഒന്നു രണ്ടു കാര്യങ്ങളും ഈ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഈ ബില്ലിൽ ലോൺ ഇനത്തിൽ നാഷണൽലോൺ സ്കോളർഷിപ്പിനെക്കുറിച്ചാണ് എനിക്കു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്. 1963 ജൂൺ 25—ാംതീയതി കേരളാ ഗവണ്മെൻറിന്റെ ഗസറ്റിൽ, സെപ്റ്റമ്പർമാസം 4-ാംതീയതിക്കകം ഡയറക്ടർ ആഫ് കൊളിജിയേറ്റു എഡ്യൂക്കേഷൻ ലോണിനുള്ള അപേക്ഷകൾ അയച്ചിരിക്കണമെന്ന് പരസ്യപ്പെടുത്തിയിരുന്നു. അതനുസരിച്ച് സംസ്ഥാനത്തിലെ എല്ലാ കോളേജുകളിൽനിന്നും ഡയറക്ടറേറ്റിലേയ്ക്കു് അപേക്ഷകൾ അയയ്ക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. ഒ. ബാവാ]

ചെയ്ത 1963 ആഗസ്റ്റ് മാസം 30-ാംതീയതി ആലുവാ യു. സി. കാളേജിൽ നിന്നും ഏഴുപത്തിൽപരം വിദ്യാത്ഥികളും, അതാത്ര സ്ഥലത്തെ പോയി തഹസീൽദാരിൽനിന്നും സർട്ടിഫിക്കറ്റ് വാങ്ങിക്കൊണ്ടുവരികയും, നിർദ്ദിഷ്ട തീയതിക്കു് രണ്ടുദിവസം മുമ്പുതന്നെ ഇതിലേയ്ക്കുള്ള അപേക്ഷ ആ കാളേജിലെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലേയ്ക്കു് അയയ്ക്കുകയുംചെയ്തു. ആ അപേക്ഷകളും അയച്ചുവിവരത്തിനു്, ആ കാളേജിലെ പ്രിൻസിപ്പൽ ഡയറക്ടറേക്കു് പ്രത്യേകമായി എഴുതുകയുംചെയ്തു. ഡിസംബർ 27-ാംതീയതി സ്കോളർഷിപ്പു ലഭിച്ച വിദ്യാത്ഥികളുടെ ലിസ്റ്റു ചിലപത്രങ്ങളിൽ വരിക യുണ്ടായി. എന്നാൽ അതിൽ ആലുവാ യു. സി. കാളേജിലെ ഒരൊറ്റ വിദ്യാത്ഥിയുടേയും പേരുണ്ടായിരുന്നില്ല. അതിനെസംബന്ധിച്ചു് അന്വേ ഷിക്കുന്നതിനു് ആ കാളേജിലെ പ്രിൻസിപ്പൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥ ന്മാരും ഡയറക്ടറുമായി സംസ്സാരിക്കുന്നതിനു് ഇവിടെവന്നു. അപ്പോഴും, സെപ്റ്റംബർ 4-ാംതീയതിക്കുമുമ്പു ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളും പരിഗ ണിച്ചിട്ടുണ്ടെന്നാണു് അവരിൽനിന്നുംലഭിച്ച മറുപടി. സെപ്റ്റംബർ 4-ാം തീയതിക്കുമുമ്പുതന്നെ ആലുവാ യു. സി. കോളേജിൽനിന്നും അയച്ചിട്ടുള്ള അപേക്ഷകളും ഇവിടെ ലഭിക്കാതിരിക്കാൻ യാതൊരു സാദ്ധ്യതകളുമില്ല. എങ്കിലും പോസ്റ്റൽ ഡിപ്പാർട്ടുമെൻറിന്റെ വല്ല തകരാറുകളുംകൊണ്ടു് താമസം വന്നുപോയിട്ടുണ്ടോയെന്നു് പോസ്റ്റൽ ഡിപ്പാർട്ടുമെൻറിൽ അന്വേ ഷിച്ചപ്പോഴും, അവിടെ യാതൊരു തകരാറുകളും ഉണ്ടായിട്ടില്ലെന്നും, സെപ്തമ്പർ 4-ാംതീയതിക്കുതന്നെ അപേക്ഷകളും ഡയറക്ടർക്കു് കൊടുത്തിട്ടുള്ളതായും ഇവി ടത്തെ പോസ്റ്റൽ സൂപ്രണ്ടു് സർട്ടിഫൈചെയ്ത രസീതു് കാളേജിലെ പ്രിൻസിപ്പലിനു് അയച്ചുകൊടുത്തു. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരേയും ഡയറക്ടരേയും ഇതറിയിച്ചപ്പോഴും സെപ്റ്റംബർ 4-ാം തീയതിക്കുമുമ്പു തന്നെ ഇതു കിട്ടിയിരുന്നുവെങ്കിൽ ഇതു് പരിഗണിക്കാമായിരുന്നുവെന്നുള്ള മറുപടിയില്ലാതെ മറൊന്നുംതന്നെ പറഞ്ഞില്ലയെന്നുള്ള ഖേദകരമായ വസ്തുത യാണു് എനിക്കു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു്. ഈ രാജ്യത്തു് വളരെ കഷ്ടപ്പെടുന്ന വിദ്യാത്ഥികളെ സഹായിക്കുന്നതിനുവേണ്ടി പലപദ്ധതികളും ആസൂത്രണംചെയ്തിട്ടുണ്ടെങ്കിലും വിദ്യാഭ്യാസഡിപ്പാർട്ട മെൻറിൽനിന്നും, യൂണിവേഴ്സിറ്റിയിൽനിന്നും അതുപോലെ കൊളീജിയറ്റ് എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽനിന്നും ഉണ്ടാകുന്നതകരാറുകൾമൂലം, ഞാൻ മേല്പറഞ്ഞരീതിയിലുള്ള ധാരാളം സംഭവങ്ങൾ ഉണ്ടാകുന്നുണ്ടു്. ഇതിൽ പറ യുന്ന നാഷണൽ സ്കോൺസ്കോളർഷിപ്പു് കിട്ടാൻ അർഹതയുള്ള എഴുപതിൽ പരം വിദ്യാത്ഥികൾക്കു് ഡിപ്പാർട്ടുമെൻറിന്റെ ഇത്തരത്തിലുള്ള തകരാറുകൾ മൂലം അതു് ലഭിക്കാതെപോയി. സെപ്റ്റംബർ ഒന്നും, രണ്ടും, മൂന്നും, തീയ തികൾപൊതു ഒഴിവുകളായിരുന്നതിനാലാണു് ഈ അപേക്ഷകൾ 4-ാംതീയതി മാത്രം ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളതു്. അപേക്ഷകൾ സ്വീകരിക്കുന്ന അവസാനതീയതി സെപ്റ്റംബർ നാലായിരുന്നു. ആ തീയതിതന്നെ കിട്ടിയിട്ടുള്ള അപേക്ഷകൾ ഇന്നും പരിഗണി ക്കാതെയിരിക്കുകയാണു്. ആലുവാ യു. സി. കാളേജിലെ ഒരൊറ്റ വിദ്യാ ത്ഥിക്കും ഈ സ്കോളർഷിപ്പു് കിട്ടാത്തതു് ഈ അപേക്ഷകളൊന്നും കാളേജിൽനിന്നും അയയ്ക്കാത്തതുകൊണ്ടാണെന്നു് പറഞ്ഞു വിവിധഭാഗങ്ങളി ലുള്ള കുട്ടികളുടെ രക്ഷകർത്താക്കൾ കാളേജിൽചെന്നു് ബഹളങ്ങൾ ഉണ്ടാക്കുന്ന തിന്റെ ഫലമായി അവിടെത്തന്നെ ഒരു കുഴപ്പം ഉണ്ടാകാനുള്ള സാദ്ധ്യതകളും ഇന്നുണ്ടു്. കാളേജിലെ ബന്ധപ്പെട്ടവർ ഇവിടെ വരികയും, എഡ്യൂക്കേഷൻ സെക്രട്ടറിയുമായും, ഡയറക്ടറുമായും സെലക്ഷൻ നടത്തിയിട്ടുള്ള ബോർഡിലെ ചില അംഗങ്ങളുമായും ഇക്കാര്യത്തെക്കുറിച്ചു് സംസാരിക്കുക യുമുണ്ടായി. സെപ്റ്റംബർ നാലാംതീയതിക്കു് മുമ്പു കിട്ടിയിട്ടുള്ള അപേക്ഷ കളെല്ലാംതന്നെ പരിഗണിച്ചിട്ടുണ്ടെന്നാണു് അവരിൽനിന്നു് ലഭിച്ച മറുപടി. കഴിഞ്ഞ ജനുവരിമാസം 19-ാംതീയതി എഡ്യൂക്കേഷൻ സെക്രട്ടറിയിൽനിന്നും ഡയറക്ടറിൽനിന്നും ഇതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുന്നതേ യുള്ളുവെന്നുള്ള മറുപടി കാളേജിലെ ഭാരവാഹികൾക്കു് ലഭിച്ചിട്ടുണ്ടു്. ഇതി നെപ്പറ്റി ഗവണ്മെൻറിൽനിന്നു് പരിശോധിക്കേണ്ടതാണു്, അങ്ങനെ പരി

LIBRARY ARCHIVES Kerala Legislative Assembly

ശോധിച്ച് ഏതെങ്കിലും വിധത്തിൽ, കോളേജിലുള്ളവരുടെ കുറ്റംകൊണ്ടല്ലാതെ വന്നിട്ടുള്ള ഈ തകരാറിനു്, നിശ്ചയമായും അവരാരുംതന്നെ ഉത്തരവാദികളാകാതെ സ്കോളർഷിപ്പു് അനുവദിച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണു്. ഈ വിവരങ്ങളെല്ലാം കാണിച്ചു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് ഞാൻ നേരിട്ടെഴുതിയിട്ടുണ്ടു്. ഇതിൽ വന്നിട്ടുള്ള കഴപ്പങ്ങൾക്കെല്ലാം യഥാർത്ഥത്തിലുള്ള കുറ്റക്കാർ ഗവണ്മെന്റു് ആഫീസുകളിലുള്ളവരാണു്. അതുകൊണ്ടു് ഇതിനൊരു പരിഹാരം ഗവണ്മെന്റിൽനിന്നും കാണേണ്ടതു് വളരെ അത്യാവശ്യമാണു്.

അതുപോലെതന്നെ കോഴ്സു് ആരംഭിക്കുന്ന ആദ്യവർഷമല്ലാതെ സ്കോളർഷിപ്പു് പദ്ധതി നടപ്പിൽവരുത്താൻ വ്യവസ്ഥയില്ലെന്നു് ഒരു പ്രോദ്യത്തിനു് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. അതിൽ ഒരു മാറ്റം വരുത്തണമെന്നാണു് എനിക്കു് പറയുവാനുള്ളതു്. കാരണം, വളരെവിഷമങ്ങൾ സഹിക്കുന്ന തൃശ്ശൂർ കോളേജിലെ ഒരു വിദ്യാർത്ഥിയുടെകാര്യം എനിക്കറിയാം. ആ കുട്ടിയുടെ രക്ഷകർത്താവിനു് ഒരാണ്ടിൽ അറുനൂറു രൂപായോളമേ വരുമാനമുള്ളൂ. ആ കുട്ടി കോളേജിൽ പോയിക്കൊണ്ടിരിക്കുകയാണു്. കോളേജിൽ പ്രഥമവർഷമല്ലാത്തതുകൊണ്ടു് ആ കുട്ടിക്കു് നാഷണൽ ലോൺ സ്കോളർഷിപ്പു് കിട്ടാൻ അർഹതയില്ലെന്നും പറഞ്ഞുകൊടുക്കുന്നില്ല. അതുകൊണ്ടു് ഇങ്ങനെയുള്ള വിദ്യാർത്ഥികളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നും ഞാൻ മുമ്പു പറഞ്ഞ കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കണമെന്നും ഒന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയെ അനുസ്മരിപ്പിച്ചുകൊണ്ടു് ഞാൻ ഈ ഉപധനാഭ്യർത്ഥനയെ പിൻതാങ്ങുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : മാഡം, ഈ ധനവിനിയോഗബില്ലിനെ ഞാൻ അനുകൂലിക്കുന്നു. വളരെ അത്യന്താപേക്ഷിതമായി കൂടുതലായി വേണ്ടിവന്ന തുകകൾ ചെലവാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഈ സ്റ്റേറ്റിന്റെ ഭരണത്തിനു വളരെ പ്രധാനമെന്നു എനിക്കു തോന്നുന്ന ചില കാര്യങ്ങൾ ഗവണ്മെന്റിനെ ഓർമ്മിപ്പിക്കുവാനാണു് ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നതു്. നമ്മുടെ രാജ്യത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയധികം അത്യന്താപേക്ഷിതമായ ഒരു രംഗത്തു് ഇന്നു നമ്മുടെ സാമ്പത്തികസ്ഥിതിയുടെ പരിമിതികൊണ്ടോ എന്തോ ശ്രദ്ധ വളരെ കൂടുതലായി കടന്നു ചെല്ലുന്നില്ലെന്ന ആക്ഷേപമുണ്ടു്. 1960-ലേയും 1961-ലേയും ബഡ്ജറ്റിൽ നാം കുറെയധികം പൊതുമരാമത്തു വർക്കുകൾ നീക്കിവയ്ക്കുകയുണ്ടായി. ആ പ്രവർത്തനങ്ങൾ നമ്മുടെ സാമ്പത്തികമായ പരിമിതികൊണ്ടാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽകൂടിയും ഈ കഴിഞ്ഞ രണ്ടു വർഷത്തെ ബഡ്ജറ്റിൽ പുതിയ ജോലികൾകൂടി ഏറ്റെടുത്തിട്ടില്ലെങ്കിലും 1960-ലേയും 1961-ലേയും ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന വർക്കുകൾപോലും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന നില നമ്മെ സംബന്ധിച്ചിടത്തോളം ഇന്നുണ്ടായിട്ടുണ്ടു്. പ്രത്യേകിച്ചും ഈ രാജ്യത്തിലെ മലയോരപ്രദേശങ്ങളിലെ ജനങ്ങളെ സംബന്ധിച്ചു് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിൽ പോലും കാലവിളംബമുണ്ടാകുക എന്നു പറയുന്നതു എന്തൊക്കെ സാമ്പത്തികമായ ബുദ്ധിമുട്ടുണ്ടെങ്കിൽകൂടി നമ്മെ സംബന്ധിച്ചിടത്തോളം അനുവദിക്കാവുന്ന കാര്യമല്ല. 1960-ലേയും 1961-ലേയും ബഡ്ജറ്റിൽ ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ ചെറിയ തുകകൾ അലോട്ടു ചെയ്തു നീക്കിവച്ചിരിക്കുന്ന പല പ്രവർത്തനങ്ങളും ഈ വർഷത്തിലെങ്കിലും ഏറ്റെടുക്കാൻ കഴിയുമോ എന്നാണു് ഈ അവസരത്തിൽ ചിന്തിക്കേണ്ടതു്. ഈ ധനവിനിയോഗബില്ലിനെക്കുറിച്ചു പറയുമ്പോൾ ഇന്നലെ കുറേ തുക ഇവിടെ അനുവദിച്ചു. ആ തുക അനുവദിച്ചതു് നാം പ്രവർത്തി നടത്തിക്കഴിഞ്ഞ ജോലികളെ സംബന്ധിച്ചിടത്തോളം കൊടുത്തുതീർക്കാനുള്ള തുകകൾ കൊടുക്കുന്നതിനു കുറെയൊക്കെ ഉപകരിക്കുമെന്നുള്ളതുകൊണ്ടാണു്. പല ജില്ലകളിലും നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ തുകകൾ ഇനിയും കൺട്രാക്ടർന്മാർക്കു് കൊടുത്തുതീർക്കാനുണ്ടെന്നാണു് ഈ ധനവിനിയോഗബില്ലിൽനിന്നു് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. എങ്കിൽകൂടിയും അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഇതി

LIBRARY ARCHIVES Kerala Legislative Assembly

ലക്ക് കൂടുതൽ തുക കൊള്ളിക്കുന്നതിനെതിരായിട്ടാണ്. നമ്മുടെ രാജ്യത്തെ നാഡീഞരമ്പുകളായ ഗതാഗതസൗകര്യങ്ങളും വർദ്ധിപ്പിക്കുകയെന്നുള്ള പരിപാടികൾക്ക് മറ്റെല്ലാ പരിപാടികളേക്കാളും പ്രാമുഖ്യം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. പുതിയ ജോലികളും ഈ വർഷം ചേർക്കുന്നുണ്ടോ എന്നറിഞ്ഞുകൂടാ. ചേർക്കുന്നെങ്കിൽ 1961-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളും ഈ കൊല്ലത്തിനുള്ളിൽതന്നെ പൂർത്തിയാക്കുന്നതിനു വേണ്ട ശ്രദ്ധ ചെലുത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുവാനുള്ളത്.

സർ, മറ്റൊരു പ്രധാനപ്പെട്ട കാര്യം, കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം പരമപ്രധാനമായി ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ് കല്ലട നദീജലസേചനപദ്ധതി. ഈ പദ്ധതിയെക്കുറിച്ച് വളരെ തെറ്റിദ്ധാരണ ചെലുത്തുന്ന പല റിപ്പോർട്ടുകളും പുറത്തുവരുന്നു. രാഷ്ട്രീയമായ പ്രചരണത്തിനുവേണ്ടി ഗവണ്മെന്റിനെതിരായ ഒരായുധമായി ഇതിനെ കാണുന്നുവെന്നുള്ളതാണ് വസ്തുത. ഈ രാജ്യത്ത് കാൺഗ്രസ്സ് ഒറ്റയ്ക്ക് അധികാരത്തിൽ വന്നതും കല്ലട പദ്ധതിയുടെ പ്രവർത്തനം പരിപൂർണ്ണമായി അവസാനിപ്പിച്ചുവെന്നുള്ള ധാരണ വരുത്താൻവേണ്ടി ചിലർ കരുതിക്കൂട്ടി പ്രചരിപ്പിച്ച ഒരു വാർത്തയാണ് ഇതു് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. ഞങ്ങളുടെ ജില്ലയെ സംബന്ധിച്ചിടത്തോളം, കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളം ഒന്നും രണ്ടും മൂന്നും പദ്ധതിക്കാലത്തു് കാര്യമായ ജലസേചനപദ്ധതികളൊന്നുംതന്നെ നടന്നിട്ടില്ല. ജലസേചനപദ്ധതികൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഒരുപക്ഷേ കൊല്ലം ജില്ലയെ മറ്റു ജില്ലകളെ അപേക്ഷിച്ച്, ഈ മൂന്നാം പദ്ധതി അവസാനിക്കാറായിരിക്കുന്ന കാലഘട്ടത്തിൽ, അവഗണിച്ചിട്ടില്ലേയെന്നു് ഞാൻ ന്യായമായി സംശയിക്കുകയാണ്. കല്ലട പദ്ധതിയുടെ പ്രവർത്തനം 1967-ലോ ഒരുപക്ഷേ 1968-ലോ പൂർത്തിയാകുമെന്നാണ് സ്വാഭാവികമായി കരുതിയിരുന്നതു്. പക്ഷേ ഇന്നത്തെ പരിതസ്ഥിതിയിൽ കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ അതിന്റെ ചെലവിലേക്ക് ചേർത്തിരുന്നതു് രണ്ടു ലക്ഷം രൂപാ മാത്രമായിരുന്നു. ഇങ്ങനെ പോയാൽ കല്ലട പദ്ധതിയുടെ പ്രവർത്തനം ഒരു ഇരുപത്തിയഞ്ചു കൊല്ലം കൊണ്ടെങ്കിലും പൂർത്തിയാക്കുവാൻ കഴിയുമോ എന്നാണ് ഭയപ്പെടുന്നതു്. അതിനും കുറെ തുക വിനിയോഗിക്കുമെന്നാണ് ഇവിടെ കാണുന്നതു്. എങ്കിൽക്കൂടി വളരെ കാര്യമായ ഒരു സ്ഥാനം ഈ പദ്ധതിയെ സംബന്ധിച്ചിടത്തോളം കൊടുക്കണം. അതിന്റെ കണക്കുകളൊന്നും ഈ അവസരത്തിൽ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഇതിനെക്കുറിച്ചുള്ള ഒരു അനുദ്യോഗിക പ്രമേയത്തിനു ചർച്ച നടന്നുകൊണ്ടിരിക്കുമ്പോഴും, ഒരുപക്ഷേ കേരളത്തിൽ ഏറ്റവും കൂടുതൽ ചെലവു കുറഞ്ഞ ഒരു പദ്ധതിയാണ് കല്ലട പദ്ധതിയെന്നു വരത്തക്ക രീതിയിലുള്ള കണക്കുകളും ഇവിടെ പറയുകയുണ്ടായി. അതുകൊണ്ട് ഏറ്റവും കൂടുതൽ ധനപരമായ ലാഭമുള്ളതുകൊണ്ട് ഈ പദ്ധതി മൂന്നാംപദ്ധതിക്കാലത്തു് പൂർത്തിയാക്കാൻ കഴിഞ്ഞില്ലെങ്കിൽക്കൂടി നാലാം പദ്ധതിയിലെങ്കിലും പൂർത്തിയാക്കുവാൻ കഴിയുന്നത്ര വേഗത്തിൽ ഇതിന്റെ പ്രവർത്തി ത്വരിതപ്പെടുത്തണമെന്നു് ഈ അവസരത്തിൽ ഞാൻ ഗവണ്മെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഇതു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നിലപാടു് എന്താണെന്നു ഈ അവസരത്തിൽ വ്യക്തമാക്കുന്നതു് ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം നന്നായിരിക്കുമെന്നുള്ള കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

പിന്നെ ഇവിടെ ശ്രീമാൻ പി. ആർ. കുറുപ്പ് സ്കൂളുകളിലെ സ്റ്റാഫ് ഫിക്സേഷന്റെ കാര്യം പറഞ്ഞു. മലബാറിലെ സ്ഥിതി എന്താണെന്നു എനിക്കറിയുകയില്ല. തിരുവിതാംകൂർ പ്രദേശത്തു് ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷനിൽ വലിയ പരാതിയുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. നേരെമറിച്ച് കഴിഞ്ഞ വർഷം ഇവിടെ ഡി. ഇ. ഒ.-മാരുടെ സ്റ്റാഫ് ഫിക്സേഷനെതിരായുണ്ടായിരുന്ന അപ്പീലുകളുടെ ഏതാണ്ട് നാലിലൊന്നുപോലും അപ്പീലുകൾ ഈ വർഷം റീജിയണൽ ഡപ്യൂട്ടി ഡയറക്ടർക്ക് ലഭിച്ചിരിക്കുകയില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളതു്. കഴിഞ്ഞ വർഷം വളരെ നേരത്തെ തന്നെ, വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ചായിരിക്കണം ക്ലാസ്സു് നിശ്ചയിക്കേണ്ടതു് എന്നും, അതനുസരിച്ചായിരിക്കണം അദ്ധ്യാപകരെ നിയമിക്കേണ്ടതെന്നും, വളരെ കടുപ്പിച്ചുതന്നെ, മാനേജർമാർക്കും ഹെഡ്മാസ്റ്റർമാർക്കും നോട്ടീസ്സു് കൊടുത്തു് അറിയിച്ചിരുന്നു. കുട്ടികളുടെ എണ്ണമനുസരിച്ചു് ക്ലാസ്സു് നിശ്ചയിക്കുന്ന രീതിയിൽ അപാകതകളുണ്ടെന്നു ഈ ഭാഗത്തുള്ള ആർക്കും അഭിപ്രായമില്ല. മലബാറിനെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ പരിതഃസ്ഥിതി എന്താണെന്നറിഞ്ഞുകൂടാ. ഇവിടെ സ്റ്റാഫ് ഫിക്സേഷനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷമുണ്ടായിരുന്നിടത്തോളം പരാതി ഈ വർഷമുണ്ടായിട്ടില്ലെന്നുള്ളതാണു് സത്യം. വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ആ എണ്ണമനുസരിച്ചു് ക്ലാസ്സു് നിശ്ചയിക്കുന്ന കാര്യത്തിലും ഈ വർഷം ചില നടപടികളും കൈക്കൊണ്ടിട്ടുണ്ടു്. അതു് വളരെയധികം പ്രയോജനപ്രദമായിരുന്നിട്ടുമുണ്ടു്. ഇല്ലാത്ത കുട്ടികൾക്കു് ക്ലാസ് വർദ്ധിക്കുന്ന പാരമ്പര്യം കഴിഞ്ഞ കൊല്ലത്തിലുണ്ടായിരുന്നു, സാമ്പത്തികമായ ബുദ്ധിമുട്ടുള്ള ഈ രാജ്യത്തു് സാമ്പത്തികബുദ്ധിമുട്ടു് ഉണ്ടാക്കാൻ കഴിയുന്ന നിലയിലുള്ള ഏർപ്പാടുകളും വച്ചു പുലർത്താൻ സാദ്ധ്യമല്ല. അതുകൊണ്ടു് കുട്ടികളുടെ എണ്ണവും ക്ലാസിങ്കിന്റെ എണ്ണവും ഈ ഭാഗത്തെ സംബന്ധിച്ചിടത്തോളം വലിയ കഴപ്പമില്ലാതെപോകുകയാണു്. സ്റ്റാഫ് ഫിക്സേഷനെ സംബന്ധിച്ചു് ഇന്നു് അംഗീകരിച്ചിരിക്കുന്ന നടപടി തുടരുന്നതുകൊണ്ടു് ഈ പ്രദേശത്തു് അപകടമൊന്നും സംഭവിക്കാനില്ല. മലബാറിനെ സംബന്ധിച്ചു് എന്തെങ്കിലും വ്യത്യസ്തമായ പരിതഃസ്ഥിതിയുണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കുന്നതിനു് എന്തെങ്കിലും ആക്ഷേപമുള്ളതായി ആർക്കും അഭിപ്രായമില്ല. അതിനെക്കുറിച്ചു് പൊതുവായി വിമർശിക്കാനോ ആക്ഷേപം പറയുവാനോ ഇന്നത്തെ പരിതഃസ്ഥിതിയിൽ കഴിയുകയില്ലെന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിക്കുകയാണു്. എന്തായാലും ശരി, നമ്മുടെ രാജ്യത്തെ വികസനപ്രവർത്തനങ്ങളുടെ കാര്യത്തിൽ പ്രത്യേകിച്ചും ഗതാഗതസൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിലും, ജലസേചന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിലും ഗവണ്മെന്റു് വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നു് ഈ അവസരത്തിൽ ഗവണ്മെന്റിനെ ഒന്നുകൂടി ഓർമ്മിപ്പിക്കുകയും ഈ ധനവിനിയോഗബില്ലിനെ ഹാർദ്ദമായി പിൻതാങ്ങുകയും ചെയ്യുന്നു.

ശ്രീ. കെ. ഹസ്സൻഗനി : മാഡം, ഡെപ്യൂട്ടി സ്പീക്കർ, ഈ ധനവിനിയോഗബില്ലിന്റെ ചർച്ചാവേളയിൽ ഗവണ്മെന്റിന്റെ അടിയന്തിര ശ്രദ്ധയിൽ ചില കാര്യങ്ങളും പെടുത്താൻ ഞാൻ ഉദ്ദേശിക്കുകയാണു്. സർ, സപ്ലിമെന്ററി ഡിമാന്റുകളും കൊണ്ടുവരുമ്പോൾ ഒറിജിനൽ ഗ്രാന്റിൽ എത്ര പൈലവായി എന്നൊരു സ്റ്റേറ്റുമെന്റു് തരുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സർ, പല ഇനങ്ങളിലും 1961–62, കാലഘട്ടത്തിലെ ആഡിറ്റു് റിപ്പോർട്ടുകളും മറ്റും പരിശോധിച്ചാൽ വളരെയേറെ തുകകളും സറണ്ടർ ചെയ്തതായി കാണാൻ കഴിയും. അതുകൊണ്ടാണു് ഈ ആവശ്യം ഉന്നയിക്കുന്നതു്. പ്രധാനമായി ഒന്നുരണ്ടു കാര്യങ്ങളും ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഞാൻ പെടുത്തുകയാണു്. സർ, ഈ ഹൈക്കോടതി ഉണ്ടായിട്ടു് കാലം കുറെയായി. തിരുവിതാംകൂർ ഹൈക്കോടതിയിൽ ഒരു മുസ്ലിം ജഡ്ജി ഉണ്ടായിരുന്നു. തിരുവിതാംകൂർ–കൊച്ചി ഹൈക്കോടതി ഉണ്ടായ കാലത്തും അതുണ്ടായി. അദ്ദേഹത്തിനു് കമ്പൽസറി റിട്ടയർമെന്റു് കൊടുത്തയച്ചു. അതെന്തുമാകട്ടെ. അതിനുശേഷം ഇന്നുവരെ മുസ്ലിം സമുദായം ഒരു മിച്ചുനിന്നുകൊണ്ടു് ഹൈക്കോടതിയിൽ ഒരു ജഡ്ജിയെ നിയമിക്കുന്നതിനു് ശുപാർശ ചെയ്യണമെന്നു് ഈ ഗവണ്മെന്റു് അധികാരത്തിൽ വന്ന അന്നുമുതൽ ഇന്നുവരെ ഞങ്ങളും ആവശ്യപ്പെടുകയാണു്. അതിനു് ചിലപ്പോൾ ചില കാരണങ്ങളും പറയും. പ്രാപ്തരായ ആളുകളില്ല അതുകൊണ്ടാണു് ഇതുവരെയും റെക്കമെന്റു ചെയ്യാത്തതെന്നു്. സർ, ഞാൻ ഹൈക്കോടതിയുടെ മേൽ ചില സൂചനകളും വയ്ക്കുകയല്ല. വളരെയേറെ പ്രാപ്തരായ മുസ്ലിംങ്ങളും ഉണ്ടെന്നു് ഞങ്ങൾക്കറിയാം. പിന്നെ എന്തുകൊണ്ടാണു് നിയമിക്കാത്തതെന്നു് മനസ്സിലാകുന്നില്ല. ഇന്നു് 11 (പതിനൊന്നു്) ജഡ്ജിമാരുള്ളതിൽ തന്നെ–ഞാൻ ജാതി തിരിച്ചു പട്ടിക പറയുന്നതുകൊണ്ടു് ഇതു് ജാതീയമായിപ്പോകുമെന്നു് ആരും

[ശ്രീ. കെ. ഹസ്സൻ ഗനി]

കരുതേണ്ട—ഒരു പ്രത്യേക സമുദായത്തിലുള്ള പ്രതിനിധിയെ നിയമിക്കാതിരിക്കുമ്പോൾ വളരെ പ്രാപ്പരായവർ ഉള്ളപ്പോൾ നിയമിക്കാതിരിക്കുന്നതുകൊണ്ട് പറയുകയാണ്. 6 നായർ, 1 ഈഴവൻ, 3 ക്രസ്ത്യൻ, ഒരു ബ്രാഹ്മിൻ ഇങ്ങനെയാണ് ഇന്നു കാണുന്നത്. ഇവിടെ 13 എം. എൽ. എ.മാർ ഒപ്പിട്ട ഒരു നിവേദനം ചീഫ് മിനിസ്റ്റർക്ക് നൽകിയിട്ടുണ്ട്.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : ഒരു ബ്രാഹ്മിൻ എന്നു പറഞ്ഞത് പട്ടരോ, നമ്പൂതിരിയോ ?

ശ്രീ. കെ. ഹസൻഗനി : തമിഴ് ബ്രാഹ്മണനാണ്. ഇതു കേൾക്കുമ്പോൾ ചിലർ ചിരിച്ചേക്കാം. ജാതിതിരിച്ച് പെയ്യാമെങ്കിൽ എന്തുകൊണ്ട് പറഞ്ഞുകൂടാ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. പി. കെ. കുഞ്ഞ് : കമ്മ്യൂണിസ്റ്റ് ഗവണ്മെൻറ് അധികാരത്തിലിരുന്ന കാലത്തു് വിദേശീയനായ ഒരു മുസ്ലിമിനെ ചീഫ് ജസ്റ്റീസായി നിയമിച്ചിട്ടില്ലെ?

ശ്രീ. കെ. ഹസൻഗനി : ഉണ്ട്. അതു സമ്മതിക്കുന്നുണ്ട്.

ശ്രീ. ഈ. പി. ഗോപാലൻ : വിദേശീയനെന്നു പറയാൻ കഴിയുമോ ;

ശ്രീ. കെ. ഹസൻഗനി : ഭാരതീയനായ ആളാണ്. ഞാൻ പറയുന്നതു് കേരളീയനായ ആൾ വേണമെന്നാണ്. ഇവിടെ ധാരാളം യോഗ്യതയുള്ളവരുണ്ട്. അപ്പോൾ ഇക്കാര്യത്തിൽ ഇന്നത്തെ മുഖ്യമന്ത്രി തീർച്ചയായിട്ടും ഇതു പരിഗണിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. ഈ അടുത്ത ആസന്നഭാവിയിൽതന്നെ ഒരു വേക്കൻസിയുണ്ടാവുന്നുണ്ട്. ഈ സമുദായത്തിൽ നല്ല പ്രാപ്പുരായവരുണ്ട്. അതുകൊണ്ട് അവരിൽ ആരെയെങ്കിലും നിയമിക്കുന്നതിനു വേണ്ടി ഗവണ്മെൻറ് ശുപാർശ ചെയ്യണമെന്നും അതിനുവേണ്ട നടപടികൾ എടുക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, വേറൊരു കാര്യം എനിക്കു പറയാനുള്ളതു് ആർ. ടി. ഏ.യുടെ ആഫീസുകളിലും മറ്റുമുള്ള കാലതാമസത്തെപ്പറ്റിയാണ്. ഇന്നത്തെ റൂളുകളും വ്യവസ്ഥകളുമൊക്കെ അനുസരിച്ച് ഈ ആഫീസിലെ ജോലി റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർക്കും, വെഹിക്കിൾ ഇൻസ്പെക്ടർക്കുമാണ് കൊടുത്തിരിക്കുന്നതു്. ചില ഡിസ്ട്രിക്ടിറുകളിൽ ഇവർ രണ്ടുപേരും തമ്മിൽ സ്വരച്ചേർച്ചയില്ല. തിരുവനന്തപുരത്തു് വലിയ വഴക്കാണ്. റീജിയണൽ ട്രാൻസ്പോർട്ട് ആഫീസറെ കാണുന്ന ആളുകളുടെ ഫയൽ അങ്ങേവശത്തു് എന്തെങ്കിലും പരിശോധനക്കു വന്നാൽ വെഹിക്കിൾ ഇൻസ്പെക്ടറന്മാർ അവിടെ വച്ചതാമസിപ്പിക്കും. പിന്നെ 25-ഓ, 50-ഓ ഒക്കെ കൊടുത്താൽ അതിൽ ചില മാറ്റങ്ങൾ ഉണ്ടായിയെന്നു വരാം. ഇതേപ്പറ്റി സൂക്ഷ്മമായി പരിശോധിക്കുകയും ഇതില്ലാതാക്കുന്നതിനുള്ള നടപടികൾ എടുക്കുകയും ചെയ്യണം. കാരണം അന്യദിക്കുകളിൽനിന്നു വരുന്ന ആളുകൾ ഇങ്ങനെയൊക്കെ പറഞ്ഞുകേൾക്കുന്നതാണ്. അല്ലാതെ ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം വേണ്ട നടപടികൾ എടുക്കണമെന്നു് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടു് അഭ്യർത്ഥിക്കുകയാണ്.

ഹൗസിംഗ് സ്കീമിനു നീക്കിവച്ചിട്ടുള്ള തുകയെ സംബന്ധിച്ചിടത്തോളം ഒന്നരണ്ടു വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒന്നാംപഞ്ചവത്സരപദ്ധതിക്കാലത്തു് കുറെ വീടുകൾ കൊടുങ്ങല്ലൂർഭാഗത്തും മറ്റു പല ഭാഗത്തും കെട്ടിയിടുകയുണ്ടായി. എന്നാൽ ഈ വീടുകൾ ഉണ്ടാക്കിക്കൊടുത്തതല്ലാതെ താമസിക്കാൻ ആളുകളില്ലാതെ ഒഴിഞ്ഞുകിടക്കുകയായിരുന്നു. എന്നാൽ ചില വീടുകളിലൊക്കെ ചില ആളുകൾ കയറി താമസിക്കാൻ ഇടയായതൊഴിച്ചാൽ അവകൾ കൂലിക്കു് ആരും എടുത്തിട്ടില്ല. മറ്റു സ്റ്റേറ്റുകളിലുള്ളതുപോലെ ഒരു ഹൗസിംഗ് ബോർഡു് ഇവിടെ ഉണ്ടാക്കി ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ശരിയായ ഒരു പരിശോധന നടത്തി തൊഴിലാളികൾക്കും മറ്റും കൂടുതൽ നിവസി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന പ്രദേശങ്ങളിൽ ഇതുപോലുള്ള ചില പെറിയ പ്രവനങ്ങളം ഉണ്ടാക്കി അവരെ സഹായിക്കുന്നതു് നന്നായിരിക്കും. അതിനുവേണ്ടി ഗവണ്മെൻറു് മുൻകൈ എടുക്കണമെന്നു് ഞാൻ ആവശ്യപ്പെടുകയാണു്. സർ, ഒരു സംഗതി കൂടി പറഞ്ഞു് ഞാൻ അവസാനിപ്പിക്കാം. ഇവിടെ സപ്ലിമെൻററി ഡിമാൻറിൽ സെയിൽസ്ടാക്സു്, അഗ്രിക്കൾച്ചറൽ ഇൻകംടാക്സു് മുതലായ അപ്പീൽ കേസുകളം ധാരാളം ഉണ്ടായതിൻെറ ഫലമായി ഒരു ഫുൾടൈം ലീഗൽ ആഫീസറേയും, ഒരു അഡീഷണൽ ലീഗൽ ആഫീസറേയും നിയമിച്ചിരിക്കുകയാണു് കേസുകളം ധാരാളമുള്ളതുകൊണ്ടു് എളുപ്പം ഡിസ്പോസു് ചെയ്യുന്നതിനാണു് ഇവരെ നിയമിച്ചിട്ടുള്ളതു്. പക്ഷേ കേസുകളം ഉണ്ടാകുന്നതു് ഏതു രൂപത്തിലാണെന്നു് ഗവണ്മെൻറു് അൽപ്പമൊന്നു് പരിചിന്തിക്കേണ്ടതുണ്ടു്. സെയിൽസ്ടാക്സു് ആഫീസറന്മാക്കു് ചില ഡിസ്ക്രീഷനൊക്കെ കൊടുത്തിട്ടുണ്ടു്. നിയമപരമായി അവർ അതുപയോഗിക്കുമ്പോളം ശരിയായ രീതിയിൽ ഉപയോഗിക്കാത്തതിൻെറ ഫലമായി വളരെയേറെ അപ്പീലുകളം ഇന്നു ടൈബ്യൂണലിലും ഹൈക്കോടതിയിലും ഉണ്ടാകുന്നുണ്ടു്. ഇതു് ശരിയായി നോക്കുന്നതിനുള്ള നിർദ്ദേശംതന്നെ കൊടുത്താലും, ആ നിർദ്ദേശത്തെപ്പോലും വകവയ്ക്കാതെ പ്രമോഷൻകിട്ടുന്നതിനോ,വേറെ എന്തെങ്കിലുംകിട്ടുന്നതിനോ കുറെപേണമുണ്ടാക്കിക്കൊടുക്കണമെന്നുള്ള രീതിയിൽ ചില ആളുകളം പ്രവർത്തിക്കുന്നതായി കാണാൻ കഴിയുന്നുണ്ടു്. ഇങ്ങനെ ക്ലൂട്ടൻ കേസുകളുണ്ടാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കാതിരിക്കുന്നതിനു് ഉതകത്തക്ക രീതിയിൽ ഇന്നിവിടെ നിലവിലുള്ള റൂളുകളുടെ അടിസ്ഥാനത്തിൽ ശരിയായ നിർദ്ദേശം ചില സെയിൽസ്ടാക്സു് ആഫീസർമാക്കു് നൽകിയില്ലെങ്കിൽ ഇനിയും ഫുൾടൈം ആഫീസർമാരെയും അഡീഷണൽ ആഫീസറന്മാരെയും ധാരാളം നിയമിക്കേണ്ടതായി വരും. അങ്ങനെ വരാതിരിക്കുന്നതിനുവേണ്ടി നടപടികളം ഗവണ്മെൻറു് എടുക്കണം. ഇന്നു് വികസനപ്രവർത്തനമാണു് നമുക്കേറെവും ആവശ്യം. പാവപ്പെട്ട കർഷകർക്കു് ഇന്നു് വളരെയേറെ ബുദ്ധിമുട്ടുകളം അനുഭവപ്പെടുന്നുണ്ടു്. ഇന്നു് അവർ ഷോർട്ടേം ലോണായി പണം കടം വാങ്ങിയാൽ ഏഴര ശതമാനം വച്ചു് പലിശ കൊടുക്കണം. അതേ അവസരത്തിൽ ഇൻഡസ്ട്രിയൽ പർപ്പസിനാണെങ്കിൽ അതു് അഞ്ചു് ശതമാനത്തിൽ നിൽക്കും. നമ്മുടെ വികസനപ്രവർത്തനങ്ങളുടെ ഫലം ശരിയായ രീതിയിൽ ഉണ്ടാകണമെങ്കിൽ റൂറൽ ഏരിയാക്കണോമിക്സു് നന്നായിരിക്കണം. അതു് നന്നാക്കുന്നതിനുള്ള മാറ്റങ്ങളം പാവപ്പെട്ടവരെ സഹായിക്കത്തക്ക രീതിയിൽ അവർ വാങ്ങുന്ന പണം ശരിയായി മടക്കിക്കൊടുക്കുന്നതിനു സാധിക്കത്തക്ക രീതിയിൽ പലിശനിരക്കു് കുറയ്ക്കുന്നതിനു് ഏതെല്ലാം മാറ്റങ്ങളം സ്വീകരിക്കാൻ സാധിക്കുമോ ആ മാറ്റങ്ങളെല്ലാം ഗവണ്മെൻറിൽനിന്നു സ്വീകരിക്കണമെന്ന മാത്രമേ എനിക്കു പറയാനുള്ളു. എന്നാൽ മാത്രമേ നാം ഉദ്ദേശിക്കുന്ന തരത്തിലുള്ള വികസനപരിപാടികളം ജനങ്ങൾക്കു് ഉപകാരപ്രദമായിത്തീരുകയുള്ളു. അതിനുവേണ്ട നടപടികളെടുക്കണമെന്നു് ഗവണ്മെൻറിനോടഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ മതിയാക്കുന്നു.

<u>ശ്രീ. എം. കൃഷ്ണൻ</u> : സർ, അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ചില സംഗതികളം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതിനു് ഞാനാഗ്രഹിക്കുകയാണു്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലായി ധാരാളം ഇൻഡസ്ട്രിയൽ കോവാപ്പറേറീവു് സൊസൈറ്റികളം രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടു്. ഇത്തരം ഇൻഡസ്ട്രിയൽ സൊസൈറ്റികൾക്കു് വേണ്ടത്ര സാമ്പത്തികസഹായം അനുവദിക്കാത്തതുകൊണ്ടു് അതിൻെറ പ്രവർത്തനം തന്നെ പല അവസരങ്ങളിലും സ്തംഭിച്ചുപോയിയെന്നു് ഇന്നലെ ധനാഭ്യർത്ഥന സംബന്ധിച്ചുള്ള ചർച്ചാവേളയിൽ പല അംഗങ്ങളും സൂചിപ്പിക്കുകയുണ്ടായി. വടകരയ്ക്കടുത്തു് ചോമ്പലാൽ കേരളാ ഹാൻഡ്ലൂം വീവിംഗ് ഫാക്ടറി എന്ന പേരിൽ ഒരു നെയ്ത്തുകമ്പനി പ്രവർത്തിച്ചിരുന്നു. അഞ്ചാറുകൊല്ലത്തെ അതിൻെറ പ്രവർത്തനത്തിനുശേഷം അതു് നഷ്ടത്തിൽ കലാശിക്കുകകമ്പനിപൂട്ടിയിടുകയും ചെയ്തു. അതിനെത്തുടർന്നു് അവിടെയുള്ള തൊഴിലാളികളം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എം. കൃഷ്ണൻ]

രാഷ്ട്രീയപ്രവർത്തകരും ഈ ഗവണ്മെന്റും അധികാരത്തിൽ വന്നതിനു ശേഷം നിവേദനങ്ങളും നടത്തിയതിന്റെ ഫലമായി 1960 മാർച്ചുമാസത്തിൽ കേരള ഹാൻഡ്ലൂമും ഇൻഡസ്ട്രിയൽ വീവിംഗ് സൊസൈറ്റി എന്നൊരുസംഘം രജിസ്റ്റർ ചെയ്യുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പഴയ കമ്പനിയും അതിലുള്ള തറികളും ഏറ്റെടുത്തു പ്രവർത്തനം നടത്തുന്നതിനുവേണ്ടിയായിരുന്നു ആ ഇൻഡസ്ട്രിയൽ സൊസൈറ്റി രജിസ്റ്റർ ചെയ്തതു്. ആ രജിസ്ട്രേഷനെല്ലാം കഴിഞ്ഞു് പ്രവർത്തനം ആരംഭിക്കാൻ ശ്രമിച്ചപ്പോഴാണു് മനസിലായതു്, ആ ഫാക്ടറിയുടെ പല ഭാഗങ്ങളും വീണുപോയിയെന്നും, കൂടാതെ അവിടെയുള്ള തറികളും ഉപയോഗശൂന്യമാണെന്നും. അതിനെത്തുടർന്നു് അതിന്റെ ഭാരവാഹികളും ഗവണ്മെന്റിനെ സമീപിക്കുകയും പുതിയ സ്ഥലം എടുത്തു് ഫാക്ടറി ഉണ്ടാക്കുന്നതിനും പുതിയ തറികളും വാങ്ങുന്നതിനും ഗവണ്മെന്റിനോടു് അഭ്യർത്ഥിക്കുകയും ചെയ്തു. അങ്ങനെ പുതിയ സ്ഥലം വാങ്ങുകയും, തറികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. 100 തറികളായിരുന്നു പ്രവർത്തനത്തിനുവേണ്ടി നീക്കിവച്ചിരുന്നതു്. എന്നാൽ വേണ്ടത്ര സംഖ്യ ഇല്ലാത്തതുകൊണ്ടു് അവിടെ 32 തറികളും മാത്രമേ പ്രവർത്തിപ്പിക്കാൻ സാധിച്ചുള്ളൂ. 100 തറികളും പ്രവർത്തിച്ചാൽ മാത്രമെ 84,000 ഉറുപ്പിക അതിനുവേണ്ടിയുള്ള സാമ്പത്തികസഹായമായി ഗവണ്മെന്റു് നൽകുകയുള്ളൂ. 32 തറികളും മാത്രം പ്രവർത്തിച്ചതുകൊണ്ടു് 60,000 ഉറുപ്പിക മാത്രമേ ധനസഹായമായി നൽകിയുള്ളൂ. 62 ഫെബ്രുവരിയിലാണു് ഈ സൊസൈറ്റി പ്രവർത്തനമാരംഭിച്ചതു്. അഞ്ചാറു മാസം മാത്രമേ അതിനു പ്രവർത്തിക്കാൻ സാധിച്ചുള്ളൂ. സാമ്പത്തികമായ വിഷമംമൂലം ഇന്നതിന്റെ പ്രവർത്തനം നിന്നിരിക്കുകയാണു്. ഇനിയും 24,000 ഉറുപ്പിക പ്രവർത്തനമൂലധനം ഗവണ്മെന്റു് അനുവദിക്കേണ്ടതുണ്ടു്. 32 തറികളും മാത്രമുള്ളതുകൊണ്ടു് 60,000 ഉറുപ്പിക മാത്രമേ അനുവദിക്കുകയുള്ളൂ എന്നു പറഞ്ഞുകൊണ്ടു് ഗവണ്മെന്റു് സാമ്പത്തികസഹായം നിഷേധിച്ചിരിക്കുകയാണു്. കഴിഞ്ഞ മൂന്നാലുമാസമായി ഇതിന്റെ പ്രവർത്തനം തീരെ ഇല്ലാതിരിക്കുകയാണു്. ഗവണ്മെന്റിനെ അറിയിച്ചപ്പോൾ റിസർവ്വു് ബാങ്കിലെ പദ്ധതിപ്രകാരം ഇതിനു് കുറെ സംഖ്യ ലോണായി സാമ്പത്തിക സഹായം ലഭിക്കുമെന്നു പറഞ്ഞു. അതിന്റെ ഭാരവാഹികളും റിസർവ്വു് ബാങ്കിനെ സമീപിച്ചപ്പോഴാണു് മനസിലായതു് 65 ഫെബ്രുവരിയിൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂ എന്നു്. ഇതിനെ സംബന്ധിച്ചു് പല പ്രാവശ്യവും ഗവണ്മെന്റിനെ സമീപിച്ചതിൽ യാതൊരു തീരുമാനവും എടുത്തിട്ടില്ല. ഈ ഫെബ്രുവരിയിൽ ഡയറക്ടർ ബോർഡു് രാജിവച്ചിരിക്കുകയാണു്. കോഴിക്കോട്ടു് റീജിയണൽ ഡയറക്ടർ ഇതിന്റെ പ്രവർത്തനത്തിനുവേണ്ടി താൽക്കാലികമായി 12,000 രൂപ ധനസഹായം കൊടുക്കണമെന്നു് ഗവണ്മെന്റിലേക്കു് എഴുതിയിരിക്കുകയാണു്. 12,000 രൂപ താല്ക്കാലികമായി സാമ്പത്തികസഹായം ലഭിക്കുകയാണെങ്കിൽ ഈ കമ്പനിയുടെ പ്രവർത്തനം ഒരുകൊല്ലക്കാലം നല്ലനിലയിൽ നടത്തുന്നതിനും 1965 ഫെബ്രുവരിയിൽ 50,000 രൂപ റിസർവ്വു് ബാങ്കിൽനിന്നും ലോണായി ലഭിക്കുന്നതിനും ഇടയുണ്ടു്. അതുകൊണ്ടു് 12,000 ഉറുപ്പിക അനുവദിക്കുന്നതിനുള്ള റീജിയണൽ ജോയിന്റു് ഡയറക്ടരുടെ അഭ്യർത്ഥന ഗവണ്മെന്റു് സ്വീകരിച്ചുകൊണ്ടു് ഈ സാമ്പത്തികസഹായം അനുവദിക്കേണ്ടതാണു്. ഈ സൊസൈറ്റിക്കു് 12,000 ഉറുപ്പിക ധനസഹായമായി നൽകുന്നില്ലെങ്കിൽ സൊസൈറ്റിയുടെ പ്രവർത്തനം തീരെ നിലച്ചുപോകുന്നതിനും 60,000 ഉറുപ്പിക തിരിച്ചുകിട്ടുന്നതിനുള്ള അവസരീക്ഷം ഇല്ലാതായിത്തീരുകയും ചെയ്യുമെന്ന കാര്യം ഗവണ്മെന്റു് ധരിക്കേണ്ടതാണു്. അതുകൊണ്ടു് 12,000 ഉറുപ്പിക താൽക്കാലിക സാമ്പത്തിക സഹായമായി കേരള ഹാൻഡ്ലൂം ഇൻഡസ്ട്രീസ് വീവിംഗ് സൊസൈറ്റിക്കു അനുവദിക്കണമെന്നു് ഞാൻ ഗവണ്മെന്റിനോടഭ്യർത്ഥിക്കുകയാണു്.

മറ്റൊരു സംഗതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്താനുള്ളതു് വടകര, ഒരു ജൂനിയർ ടെക്നിക്കൽ സ്കൂൾ തുടങ്ങുന്നതിനുവേണ്ടി ഗവണ്മെന്റു് തീരുമാനിച്ചതാണു്. 1962-ലാണു് തീരുമാനമെടുത്തതു്. അടിയന്തിരാവസ്ഥ പരി

LIBRARY ARCHIVES Kerala Legislative Assembly

ഗണിച്ച് ഇപ്പോഴം നീട്ടിവച്ചിരിക്കുകയാണ്. ഈ വരുന്ന അദ്ധ്യയനവർഷത്തിലെങ്കിലും ദയവുചെയ്ത് ഈ ജൂനിയർ ടെക്നിക്കൽ സ്കൂൾ ആരംഭിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം ഹൗസിംഗ് സൊസൈറ്റിക്കുവേണ്ടി ഗവണ്മെൻറ് നീക്കിവച്ചിട്ടുള്ള സംഖ്യ വളരെ കുറവാണെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. റൂറൽ ഹൗസിംഗ് സൊസൈറ്റി കൾക്കുവേണ്ടി ഈ കൊല്ലം എനിക്കറിയാൻ സാധിച്ചിടത്തോളം പുതുതായി ആക്കംതന്നെ ലോൺ കിട്ടുന്നില്ല. വളരെ പരിമിതമായ സംഖ്യ മാത്രം അനുവദിച്ചുകൊണ്ട് കഴിഞ്ഞകൊല്ലം ബാക്കിയുള്ള ആളുകൾക്ക് ഇനിയുള്ള സംഖ്യ കൊടുക്കാതെ ഈ സ്കീം നിറുത്തിവച്ചിരിക്കുകയാണ്. ലൈഫ് ഇൻഷ്വറൻസ് കാർപ്പറേഷനിൽനിന്നു ഈ സൊസൈറ്റിക്കു കടം കൊടുക്കുന്നുണ്ട്. ഈ സംഖ്യയിൽനിന്നുതന്നെ റൂറൽ ഹൗസിംഗ് സൊസൈറ്റിക്കു കേരളത്തിലാകമാനം ഒരുലക്ഷം ഉറുപ്പിക മാത്രമേ നീക്കിവച്ചിട്ടുള്ളു. അതിൻെറ പലിശ അഞ്ചര ശതമാനമാണ്. സാധാരണ ഗവണ്മെൻറിൽ നിന്നു കൊടുക്കുന്ന ലോണിനു പലിശ രണ്ടര ശതമാനമാണ്. എൽ. ഐ. സി.യുടെ പലിശത്തോതു അഞ്ചര ശതമാനമാണ്. ഇന്നു ഈ നാട്ടിലുള്ള ഇടത്തരക്കാരായ ആളുകൾക്ക് ഇത്തരം സൊസൈറ്റികളിൽനിന്നു പണം വാങ്ങിയിട്ട് വീടുണ്ടാക്കണമെന്നു ആഗ്രഹമുണ്ട്. 15 വർഷക്കാലമാണ് കൊടുത്തു തീർക്കാനുള്ള കാലാവധി. പണം കൊടുക്കുകയാണെങ്കിൽ സ്വന്തമായി വീടു ഉണ്ടാക്കുന്നതിനു ആളുകൾക്കു ആഗ്രഹമുണ്ട്. പക്ഷേ അതിനു ഒരുലക്ഷം രൂപമാത്രം കേരളത്തിലാകമാനമുള്ള റൂറൽ സൊസൈറ്റികൾക്കു കടം കൊടുക്കുന്നതിനു നീക്കിവയ്ക്കുകയാണെങ്കിൽ അതൊട്ടുംതന്നെ ഉപയുക്തമായ സംഖ്യയല്ല. അതുകൊണ്ട് ഈ സംഖ്യ കൂടുതൽ വർദ്ധിപ്പിച്ചുകൊണ്ട് റൂറൽ ഹൗസിംഗ് സൊസൈറ്റികൾക്കു കൂടുതൽ ഉണ്ടാക്കണമെന്നു ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുകയാണ്, അതിനുവേണ്ടി കൂടുതൽ സംഖ്യ നീക്കിവയ്ക്കണമെന്നും അതേ അവസരത്തിൽതന്നെ രണ്ടര ശതമാനം പലിശത്തോതുവച്ച് ഇടത്തരക്കാരുടെ വീടുനിർമ്മാണത്തിനുവേണ്ടിയുള്ള പ്രവർത്തനത്തെ സഹായിക്കണമെന്നും ഈ അടുത്ത വർഷംതന്നെ ഇതിലേക്കു വേണ്ടതു ചെയ്യണമെന്നും ഞാൻ ഗവണ്മെൻറിനോടഭ്യർത്ഥിക്കുകയാണ്. ഇത്തരം സംഗതികളെ സംബന്ധിച്ച് ഗവണ്മെൻറ് വേണ്ടതു ശ്രദ്ധ പതിപ്പിക്കുമെന്നും കേരള ഇൻഡസ്ട്രിയൽ ഹാൻഡലൂം വീവിംഗ് സൊസൈറ്റിക്ക് 12,000 ഉറുപ്പികയുടെ സാമ്പത്തികസഹായം നൽകി ഇന്നു പൂട്ടി ഇട്ടിരിക്കുന്ന ഫാക്ടറിയെ സംബന്ധിച്ചു അതിൻെറ പ്രവർത്തനം തുടർന്നു നടത്തണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുകയാണ്.

ശ്രീ. ഈ. പി. ഗോപാലൻ: സർ, സംസ്ഥാനത്തിൻെറ സഞ്ചിതനിധിയിൽനിന്നു 5,52,20,500 രൂപാ എടുത്തു ചെലവഴിക്കുന്നതിനുള്ള അനുമതി ചോദിക്കുന്ന ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ഏറിയകൂറും ഇതു് ഒരു ദുർവിനിയോഗബില്ലാണെന്നു പറയാം. അതായതു്, ധനം ദുർവ്യയം ചെയ്യുന്നതിനു അനുമതി ചോദിക്കുകയാണ് എന്നർത്ഥം. സർ, സവിസ്തരമായി ഇതിനു് ഉദാഹരണങ്ങളം കാണിക്കുന്നതിനു് ഇവിടെ സമയം പോരാ. ഡിമാൻറു നമ്പർ 9-ൽ കൊള്ളിച്ചിട്ടുള്ള ചാർജ്ഡ് വിഭാഗത്തിൽപ്പെട്ട ഐറ്റത്തെ സംബന്ധിച്ച് ഒരു അഭിപ്രായം പറയുവാൻ ഞാനാഗ്രഹിക്കുന്നു. ഈ ഐറ്റത്തിൽ അധികമായി ആവശ്യപ്പെട്ടുന്ന സംഖ്യ 39,900 രൂപയാണ്. ശിവഗിരിയിൽ ഈ സ്ഥാപനം ഒരുഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. അതു് ഇന്നു നിൽക്കുന്ന മട്ടു കണ്ടാൽ ഒരു ആവശ്യത്തെക്കാളും അധികം ഒരു അലങ്കാരമായിട്ടാണ് തോന്നുക. എന്നാൽ, ഒരു അലങ്കാരമായി വിലസുന്ന ആ സ്ഥാപനത്തിനുകൂടിയും പ്രതിവർഷം ചെലവു കൂടിവരികയാണ്. ബഡ്ജറിൻെറ ആദ്യഘട്ടത്തിൽ ഉദ്ദേശിച്ചതിലും അധികം ഏതാണ്ട് 40,000 രൂപാ ഇവിടെ അധികം ചെലവു ചെയ്യുകയാണ്. ഈ ചെലവിൻെറ പട്ടിക പരിശോധിച്ചാൽ ഈ അധികച്ചെലവു് ന്യായീകരിക്കുന്നതിനു വഴി കാണു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഈ. പി. ഗോപാലൻ]

ന്നില്ല. രാജ്യത്തിനിലെ ഏതോ ഒരാശുപത്രിക്കു് ഒരു ചെറിയ ഓപ്പറേഷൻ നടത്താൻ ഉള്ളൂർ മെഡിക്കൽകോളേജു് ആശുപത്രി മുഴുവൻ അറേൻജ്മെന്റ് നിന്ന കഥ പത്രങ്ങളിൽ വന്നുകഴിഞ്ഞതാണു്. ആസ്പുലൻസിന്റെ കഥയും മറ്റും മറ്റും ഇതിനകംതന്നെ ഏവർക്കും അറിയാൻ ഇടവന്നതാണു്.

ശ്രീ. എ. എ. റഹീം: സർ, ഒരു പായിന്റു് ഓഫു് ഓർഡർ. അദ്ദേഹം പ്രതിപാദിക്കുന്നതു് ഗവണ്മെന്റിനെ സംബന്ധിച്ചും ഗവണ്മെന്റുടെ അലങ്കാര പദവിയെ സംബന്ധിച്ചുമാണു്. ഇത്തരം കാര്യങ്ങളും ഇവിടെ പറയുന്നതു് ഭരണഘടനാവിരുദ്ധമല്ലേ? അതു് ഈ സഭയിൽ അനുവദിക്കത്തക്കതാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി: സ്പീക്കർ: സപ്ലിമെന്ററി ഡിമാൻറിനെപ്പറ്റി ബഹു: മെമ്പർ തന്റെ വാദഗതികളും ഉന്നയിക്കുകയാണു്.

ശ്രീ. എ. എ. റഹീം: ഗവണ്മെന്റിനെ ഇന്നു് ഈ സംസ്ഥാനത്തു് ഒരു അലങ്കാരമായി വച്ചിരിക്കുകയാണെന്നാണു് ബഹു: മെമ്പർ പറഞ്ഞതു്.

ശ്രീ. ഈ പി. ഗോപാലൻ: ഇപ്പോഴും അടിയന്തിരാവസ്ഥയാണു് ചെലവു ചുരുക്കേണ്ടതു് വളരെ ആവശ്യമാണു് എന്നൊക്കെ ഉന്നതനിലയിലുള്ളവർതൊട്ടു് താഴേക്കിടയിലുള്ള ഭരണാധികാരികൾവരെ പറയുന്നുണ്ടു്. ഈ പറയുന്നതൊക്കെ കാര്യമായിട്ടാണെന്നു ധരിക്കുവാൻ ഒരു നിവൃത്തിയുമില്ല. ഏതിനം എടുത്തുനോക്കിയാലും ശരി, എന്റെ അഭിപ്രായത്തിൽ ആവശ്യമില്ലാത്ത ചെലവുകളും ഒരുപാടു് കൂടുന്നുണ്ടു്. അതു് ചാർജ്ഡു് അയിറ്റത്തിലും ഉണ്ടു്. ഇവിടെയും ചെലവു കൂടിയാലത്തെ കഥയെന്താണു്? യാത്രാപരിപാടികളും കൂടുതൽ, സഞ്ചാരബത്തകളും കൂടുതൽ. എല്ലാ ചെലവും കൂടുന്നു. ഇതിന്റെയൊക്കെ ആവശ്യമെന്താണു്? ഈ അടിയന്തിരകാലഘട്ടത്തിൽ യാത്രയിനത്തിൽ കൂടിയും ചെലവു വർദ്ധിപ്പിക്കുന്നതിനെന്തു ന്യായം? മറ്റുള്ളവർക്കു് മാതൃകയായി വർത്തിക്കേണ്ട സ്ഥാനങ്ങളിൽ ചെലവു വർദ്ധനവു തന്നെ. ഇതു് ഒരിക്കലും ശരിയായിട്ടുള്ള ഒരേർപ്പാടല്ല ഇങ്ങനെയുള്ളവർ മറ്റുള്ളവരെ ഉപദേശിക്കുന്ന ഗിരിപ്രഭാഷണത്തിൽ വമ്പന്മാരാണു്. അവർ പറയുന്നതും കാണിക്കുന്നതും ഒക്കെ മനസ്സിലാക്കാവുന്നവരാണു് കേരളീയർ എന്നു പറയാൻ തോന്നുന്നു. അതു വിട്ടാൽ ഇതിൽ കൊള്ളിച്ചിട്ടുള്ള ഒരുപാടു് അയിറ്റംസു് മറ്റൊരു വിഭാഗത്തിൽ ചാർജു് ആണു്. കോടതി വിധികളും മൂലം ബന്ധപ്പെട്ടവർക്കു് കൊടുക്കേണ്ട സംഖ്യയാണതു്. കോടതിവിധി വന്നാൽ സംഖ്യ നിർബന്ധമായും കൊടുക്കണം. ഈ വിധികളും എങ്ങനെ വന്നു? സർക്കാർ വക്കീലന്മാർ കേസു നടത്താൻ പ്രാപ്തരായിരുന്നുവോ? സർക്കാർ വക്കീലിന്റെ അപ്രാപ്തികൊണ്ടോ, അന്യഥാ ഉള്ള താല്പര്യംകൊണ്ടോ എങ്ങനെയാണിതു് സംഭവിക്കുന്നതു്? സർക്കാർ സ്വന്തം പാർട്ടിക്കാരെ സർക്കാർ വക്കീലന്മാരായി നിശ്ചയിക്കുമ്പോൾ കഴിവു നോക്കുന്നില്ല എന്ന ആക്ഷേപം വന്നിട്ടുണ്ടു്. രാഷ്ട്രീയ സമ്മർദ്ദത്തിനു വഴങ്ങി അപ്രാപ്തരേയും ചിലപ്പോൾ, അഴിമതിക്കാരെയും സർക്കാർ വക്കീലന്മാരായി നിയമിക്കുന്നു. കേസു് തോറ്റുപോകാനിടയാകുന്നു.

മി: സ്പീക്കർ: ബഹു: മെമ്പർക്കു് ഇനി രണ്ടു മിനിട്ടുകൂടിയേയുള്ളു.

ശ്രീ. ഈ. പി. ഗോപാലൻ: കോടതിയിൽ സർക്കാർ കാര്യങ്ങൾ നടത്തുന്നതിനു് രാഷ്ട്രീയ പരിഗണനകൾ വച്ചു് വക്കീലന്മാരെ നിയമിക്കുന്നു. അവരുടെ അപ്രാപ്തി ഒരു ഭാഗത്തു്. മറ്റു ചിലപ്പോൾ തൽപ്പരകക്ഷികളുടെ പ്രീണനത്തിനു വശപ്പെട്ട സർക്കാർ കാര്യം കുളത്തിലിറക്കുന്നു. പൊതുപണം അന്യായമായി തൽപ്പരകക്ഷികൾക്കു കിട്ടുമാറാക്കുന്നു.

ശ്രീ. ആർ. രാഘവമേനോൻ: സർക്കാർ വക്കീലന്മാർ വിവരം ഇല്ലാത്തവരാണെന്നു പറഞ്ഞാൽ, അങ്ങനെ പറയുന്നവർ വിവരമില്ലാത്തവരാണെന്നു മറ്റുള്ളവർ പറയുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ : ഈയിടെ പാലക്കാട്ടുണ്ടായ സക്കാർ വക്കീലന്മാരുടെ നിയമനത്തിൽ കാണിച്ച രാഷ്ട്രീയ പരിഗണന ശ്രീ. രാഘവ മേനോനെ ഞാൻ ബോദ്ധ്യപ്പെടുത്താം.

ഒരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു തലേദിവസം ഇത്രയും ദുർവ്യയങ്ങൾക്കു പണം എടുക്കാൻ അനുവാദം ചോദിക്കുന്നതു തെറ്റാണ്, എതിർക്കപ്പെടേണ്ടതാണ്.

മി: സ്പീക്കർ: ബഹു: മെമ്പറുടെ സമയമായി. ഇനി സമയം വേണമെങ്കിൽ ശ്രീ. കൃഷ്ണപിള്ളയുടെ സമയത്തിൽ നിന്നെടുക്കണം.

ശ്രീ. ഇ. പി. ഗോപാലൻ : കുറച്ചു സമയംകൂടി എനിക്കു തന്നാൽ മതി. ഞാൻ വേഗം അവസാനിപ്പിക്കാം... ഭരണച്ചെലവിന്റെ കാര്യത്തിൽ, സാധാരണഗതിയിലുള്ള പ്രമോഷൻ, പുതിയ തസ്തിക സൃഷ്ടിക്കൽ ഇവയെപ്പറ്റിയൊക്കെ ഒരു ഓർഡർ ഗവണ്മെന്റ് പുറപ്പെടുവിച്ചിട്ടില്ലേ? എന്നാൽ പ്രമോഷന്റെ കാര്യത്തിലും, പുതിയ തസ്തിക ഉണ്ടാക്കുന്ന കാര്യത്തിലും അടിയന്തിരാവസ്ഥയുടെ യാതൊരു ഗൗരവവും നോക്കിയിട്ടില്ല. അതിനു് എന്തു ന്യായം പറഞ്ഞാലും അധികച്ചെലവുണ്ട്. ധൂർത്തുണ്ട്.

സർ, ഗവണ്മെന്റ് നടത്തുന്ന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം പുതിയ കമ്പനികളുടെ രൂപീകരണം നടന്നു. ഗവണ്മെന്റിന്റെ മിക്ക വ്യവസായങ്ങളിലും നഷ്ടമാണ്. ഇവ ലാഭകരമായി പ്രവർത്തിക്കുന്നതിനു പരിശ്രമിച്ചുകാണുന്നില്ല. ലാഭകരമായി നടത്തുന്ന വ്യവസായങ്ങളാണെങ്കിൽ അതു കാര്യക്ഷമമായി നടത്തുവാൻ ഒരു നടപടിയും ഗവണ്മെന്റ് എടുക്കുകയില്ല. ഉദാഹരണമായി, കോഴിക്കോട്ടെ ഗവണ്മെന്റ് സോപ്പുഫാക്ടറി. പുതിയ യന്ത്രങ്ങൾ വാങ്ങുവാൻ അസൗകര്യമാണെന്നു പറഞ്ഞു യാതൊരു അഭിവൃദ്ധി പ്രവർത്തനങ്ങളും അവിടെ നടത്തുന്നില്ല. ഇതിനൊക്കെക്കൂടി ഇപ്പോൾ ഒരു പേരിട്ടിരിക്കുന്നു. ജനാധിപത്യസോഷ്യലിസം. യഥാർത്ഥത്തിൽ ഈ ഗവണ്മെന്റിന്റെ എല്ലാ പ്രവൃത്തികളും സോഷ്യലിസത്തിനെതിരാണ്. ഈ ഗവണ്മെന്റ് പരിഹാസ്യതയിൽനിന്നു പരിഹാസ്യതയിലേക്കു കിഴിഞ്ഞിറങ്ങുകയാണ്.

പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകരുടെ കാര്യം മലബാറിൽ ഗൗരവപ്പെട്ടുത്തിലെത്തിയിരിക്കുന്നു. സ്റ്റാഫ് ഫിക്സേഷൻ, അൺ എക്കണോമിക്ക് സ്കൂൾ നിറുത്തലാക്കൽ തുടങ്ങി ഒട്ടേറെ പ്രശ്നങ്ങളുണ്ട്. സക്കാരിന്റെ ഉത്തരവുമൂലം അടച്ചുകളയാനിടയായ വിദ്യാലയങ്ങളിൽനിന്നു പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടിരിക്കുന്നു. ഇവിടെ ഞാൻ ആ കാര്യം മുമ്പു പറഞ്ഞതാണ്.

ഭരണാധികാരത്തിന്റെ ഉന്നതതലങ്ങളിലിരിക്കുന്നവർക്ക് കാറിന്റെ കാര്യം, കാർ മാറ്റേണ്ട കാര്യം, പെട്രോൾ കൂടുതൽ വരുന്നതോ, അല്ലയോ എന്ന കാര്യം അങ്ങനെ വലിയ വലിയ കാര്യങ്ങളേ ഉള്ളൂ. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ അവർക്ക് മനസ്സിലാകുന്നില്ല. ബില്ലിനെ ഞാൻ ശക്തിയായി എതിർക്കുന്നു.

ശ്രീ. കെ. ആർ. വിജയൻ : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനു് തൊട്ടുമുമ്പായി ധനവിനിയോഗബിൽ അവതരിപ്പിച്ചതിനെപ്പറ്റി ചില പ്രതിപക്ഷാംഗങ്ങൾ വളരെ ശുക്ഷമായി ഇവിടെ സംസാരിച്ചു. അവരുടെ വാദം കൊണ്ടുതന്നെ ഈ ഉപധനാഭ്യർത്ഥന ആവശ്യമാണെന്നു സമർത്ഥിച്ചിരിക്കുകയാണ്. ശ്രീ. ടി. കെ. രാമകൃഷ്ണൻ ചെയ്ത പ്രസംഗത്തിൽ ഓയിൽ റിഫൈനറിസീന്റെ ആവശ്യത്തിലേയ്ക്കുള്ള സ്ഥലമെടുപ്പ് നടപടി ഉടൻ പൂർത്തിയാക്കണമെന്നും, റിഫൈനറിസിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനു ആവശ്യമായ നടപടികളെടുക്കണമെന്നും പറയുകയുണ്ടായി. ഓയിൽ റിഫൈനറീസിനെ സംബന്ധിച്ച നടപടികളും വളരെ ത്വരിതഗതിയിൽ ഇവിടെ എടുത്തുകൊണ്ടിരിക്കുകയാണ്, അതുപോലെതന്നെ ഇവിടെ വ്യവസായ വികസന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ആർ. വിജയൻ]

ത്തിനും, വ്യവസായങ്ങളും സ്ഥാപിക്കുന്നതിനും ആവശ്യമായനടപടികളും എടുത്തുകൊണ്ടിരിക്കുകയാണു്. ബഡ്ജറ്റിൽ പണം കൊള്ളിച്ചിട്ടു് ചില പ്രോജക്റ്റുകൾക്കു് പണം ചെലവുചെയ്താൽ മതിയെന്നു പറഞ്ഞാൽ പല പ്പോഴും ആ കാര്യം നിർവഹിക്കുവാൻ സാധിക്കാതെവരും. ആ നിലയിൽ നോക്കുമ്പോഴും ഉപധനാഭ്യർത്ഥനകളും ചിലഘട്ടങ്ങളിൽ കൊണ്ടുവരുന്നതിൽ ഒട്ടും ഔചിത്യം ഇല്ലെന്നും. അനൗചിത്യം ഉണ്ടെങ്കിൽതന്നെ അതു രാജ്യനന്മയെ കരുതി സ്ഥിരീകരിക്കേണ്ടതാണെന്നുമാണു് എനിക്കു് അതെപ്പറ്റി പറയാനുള്ളതു്.

സർ, ഈ അവസരത്തിൽ ഒരു കാര്യം എനിക്കു് ചൂണ്ടിക്കാണിക്കുവാനുള്ളതു് മൽസ്യവ്യവസായ വികസനത്തിനുവേണ്ടി പത്തുലക്ഷം രൂപാ നീക്കി വച്ചിട്ടുള്ളതിനെപ്പറ്റിയാണു്. അതുകൊണ്ടു യന്ത്രീകൃത ബോട്ടുകൾ വാങ്ങുന്നതിനും. ആധുനികരീതിയിൽ മൽസ്യസമ്പത്തു് വർദ്ധിപ്പിക്കുന്നതിനും, ഐസ്പ്ലാന്റു ഉണ്ടാക്കുന്നതിനുംആണു് ഉദ്ദേശിച്ചിരിക്കുന്നതു്. പത്തുലക്ഷം രൂപാ ചെലവുവരുന്നതായാൽ അതുയെങ്കിലും ആശ്വാസം ആ രംഗത്തു് പ്രവർത്തിയെടുക്കുന്ന മൽസ്യത്തൊഴിലാളികൾക്കു് ലഭിക്കുന്നതാണു്. എന്തൊക്കെ പറഞ്ഞാലും മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം കാര്യമായി ഉയർത്തുവാൻ ഇന്നും സാധിച്ചിട്ടില്ല. മൂന്നാം പഞ്ചവത്സരപദ്ധതിയിൽ 700 ബോട്ടുകൾ വിതരണംചെയ്യുവാൻ പദ്ധതിയുണ്ടെങ്കിൽ അതിന്നാവശ്യമായ മെറയിൻ ഇഞ്ചിൻസ് കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുള്ളതുകൊണ്ടു് ഏതാണ്ടു നൂറോളം ബോട്ടുകൾ മാത്രമാണു് വിതരണംചെയ്യുവാൻ കഴിഞ്ഞിട്ടുള്ളതു്. അതുപോലെതന്നെ നമുക്കു ലഭിക്കുന്ന മൽസ്യസമ്പത്തു് ശരിയാംവണ്ണം സൂക്ഷിക്കുന്നതിനും, അതു് വിപണനംചെയ്യുവാനും, ഐസ്പ്ലാന്റു ആവശ്യമാണു്. നമുക്കിവിടെ ആവശ്യമുള്ള ഐസിൽ മൂന്നിലൊന്നുഭാഗംമാത്രം ഐസ് ഉല്പാദിപ്പിക്കുന്നതിനുള്ള പ്ലാന്റേയുള്ളു. അടുത്തകാലത്തു് അഴീക്കോട്ടു് ഒരു ഐസ് പ്ലാന്റു് സ്ഥാപിക്കുന്നതിനുള്ള പണി ആരംഭിച്ചിട്ടുണ്ടു്. ആ പ്ലാന്റിന്റെ പണി ഉടനെ പൂർത്തിയാക്കേണ്ടതാണു്. അതുപോലെതന്നെ മറ്റു സ്ഥലങ്ങളിലും ഐസ് പ്ലാന്റിന്റെ പണി തുടങ്ങിയിട്ടുള്ളതു പൂർത്തിയാക്കുവാനും, അങ്ങനെ മൽസ്യത്തൊഴിലാളികൾക്കു് ആവശ്യമായ ഐസ് വിതരണം ചെയ്യുവാനും നടപടികളും എടുക്കേണ്ടതാണു്. അതുപോലെതന്നെ അവക്കാവശ്യമായിട്ടുള്ള നൈലോൺവല കൊടുക്കുവാനുള്ള നടപടിയും എടുക്കേണ്ടതാണു്. ഏതാനും ലക്ഷം രൂപാ ചെലവിട്ടുകൊണ്ടുമാത്രം മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളമുള്ള പദ്ധതി വിജയപ്രദമാകുകയില്ല. മൽസ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകളെ പരാമർശിച്ചുകൊണ്ടു് ഏതാനും വീടുകളിൽ ഒരു സാമ്പത്തിക സർവെ നടത്തിക്കൊണ്ടു് ഇവിടത്തെ ഒരു പ്രമുഖ പത്രമായ മലയാളമനോരമ ലീഡർതന്നെ എഴുതിയിട്ടുണ്ടു്. അതിൽ പറഞ്ഞിട്ടുള്ളതു് മൽസ്യവ്യവസായത്തിൽ മുടക്കാൻ കഴിവില്ലാത്ത ഒരു ജനതയാണു് മൽസ്യത്തൊഴിലാളികളെന്നാണു്. പുറത്തുനിന്നു് ചില ആളുകൾ വളരെയധികം മുടക്കം ഇറക്കിക്കൊണ്ടു് മൽസ്യവ്യവസായം അവരുടെ കുത്തകയാക്കി നടത്തിക്കൊണ്ടിരിക്കുകയാണു്. അവർ മത്സ്യാല്പന്നങ്ങൾ കയറ്റുമതിചെയ്തു വിദേശനാണ്യം ശേഖരിക്കുകയും, ലാഭകരമായി ആ വ്യവസായം നടത്തുകയുമാണു്. വിദേശനാണയം മുഴുവൻ മത്സ്യത്തൊഴിലാളികൾക്കു് ബോട്ടുകൊടുക്കുന്നതിനും മറ്റെയിൻ എൻജിൻ വരുത്തുന്നതിനും ഉപയോഗിക്കണം.

ശ്രീ. കെ. കൃഷ്ണപിള്ള : സർ, ഈ ധനവിനിയോഗ ബില്ലിനെ ഞാൻ എതിർക്കുന്നു. ഈ സപ്ലിമെന്ററി ഡിമാൻഡുകൾ വിനിയോഗിക്കുന്നതിനെസംബന്ധിച്ചു് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരാനാണു ഞാൻ ആഗ്രഹിക്കുന്നതു്. സമയം കുറവായതുകൊണ്ടു് അതിന്റെ വിശദാംശത്തിലേക്കു് ഞാൻ കടക്കുന്നില്ല. അങ്ങയുടെ അനുവാദത്തോടുകൂടി 62-63-ലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ രണ്ടാം റിപ്പോർട്ടിലെ ഒരു ഭാഗം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണു്.

LIBRARY ARCHIVES Kerala Legislative Assembly

'Although supplementary grants were taken under 33 grants, they proved entirely unnecessary in 15 cases as the expendture did not even come up to the original grant. In 6 cases, the supplementary grant proved excessive and the savings ranged from 5.5 per cent to 13.5 per cent of the total grant. It was a matter for concern that savings to the extent of 67.4 per cent of the total supplementary grants taken in 12 cases wer surrendered in March, 1961, out of which in 6 cases, funds were surrendered in excess of the supplementary grants taken. On the other hand, there were 5 grants under which the supplementary grants obtained proved inadequate and there were excesses over the final grants. This only showed that adequate attention was not devoted in assessing properly the requirtments and the Committe felt that no occassion should be given for such commeuts and that there should be a closer estimation of the requirements before supplementary demands were placed before the Legislature.'

അപ്പോഴം സപ്ലിമെൻറി ഗ്രാൻറു് വാങ്ങുന്നതിനെ സംബന്ധിച്ചും വിനിയോഗിക്കുന്നതിനെ സംബന്ധിച്ചും ഉള്ള നടപടികളിൽ വേണ്ടപോലെ ശ്രദ്ധിക്കുന്നില്ലെന്നുള്ള ഗുരുതരമായ ആക്ഷേപമാണു് പബ്ലിക്കു് അക്കൗണ്ടസു് കമ്മിറ്റിറിപ്പോർട്ടിൽക്കൂടി ഉന്നയിച്ചിട്ടുള്ളതെന്നു കാണാം. ഈ റിപ്പോർട്ടു വന്നതിനു ശേഷം അതു പരിഹരിക്കുന്നതിനുള്ള നടപടികളും ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിനെപ്പറ്റിയും ഇവിടെ എടുത്തുപറയേണ്ടിവരുമായിരുന്നില്ല. ഇന്നലെ പാസ്സാക്കിയിട്ടുള്ള ഇനങ്ങളിൽപ്പെടുന്ന ഡിമാൻഡു് 47 കൃഷ്ണപിള്ള ഒട്ടുലേ ഓൺ പബ്ലിക്കു് വർക്കു് 103 (ബി) ഒറിജിനൽ വർക്കു്—കമ്മ്യൂണിക്കേഷൻസിനു് 40,00,100 രൂപയാണു പാസ്സാക്കിയിട്ടുള്ളതു്. എൻറെ അറിവു ശരിയാണെങ്കിൽ ഇപ്പോഴുംതന്നെ 10000000-ൽപരം രൂപാ ചെലവു ചെയ്തിട്ടുണ്ടു്. കൊല്ലം ഡിസ്ട്രിക്ടിൽ അനേഷിച്ചപ്പോഴും, റോഡോട്ടമെൻറു് 1000000 ഉള്ളപ്പോഴും 2000000-ൽ അധികം രൂപയുള്ള ബില്ലുകളും പാസ്സാക്കിയിട്ടുണ്ടെന്നാണു് അറിയുന്നതു്. കൺട്രാക്ടറന്മാർ ഇനിയും ബില്ലുകളും പാസ്സാക്കി വാങ്ങാൻ നടക്കുന്നുണ്ടു്. ആ നിലയിൽ ഇനിയും എക്സ്ട്രാ എക്സ്പെൻഡിച്ചർ റഗുലറൈസു് ചെയ്യാൻ ഗവണ്മെൻറിനു് സഭയിൽ വരേണ്ടിവരും. ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ജോലികളെല്ലാം ചെയ്തുതീർത്തുകൊണ്ടാണോ ഇങ്ങനെ വന്നതു്? ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള വർക്കുകൾ ചെയ്തുതീർക്കാത്തതുണ്ടു്. അതേസമയം ബഡ്ജറ്റിൽ കൊള്ളിക്കാത്ത പല ജോലികളും ചെയ്തുതീർത്തിട്ടും ഉണ്ടു്. 190 രൂപാ ടോക്കൻ ഗ്രാൻറായി കൊള്ളിച്ചിട്ടുള്ള കേസ്സുകൾക്കു് മൂന്നും നാലും ലക്ഷം രൂപാ ചെലവു ചെയ്തിട്ടുള്ളതായി എനിക്കറിയാം. ഈ കാര്യത്തിലൊന്നും ഗവണ്മെൻറു് ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നുള്ള ഗുരുതരമായ ആക്ഷേപം പബ്ലിക്കു് അക്കൗണ്ടസു് കമ്മിറ്റിയെ പ്രത്യേകവിചിട്ടുള്ള സ്ഥിതിയിലാണു് ഈ ബില്ലിനെ എതിർക്കുന്നുവെന്നു് ഞാൻ സൂചിപ്പിച്ചതു്. അന്നിമൽ ഹസ്ബൻഡറിക്കു് കുറെ പണം ആവശ്യപ്പെട്ടിട്ടുണ്ടു്. മുപ്പൊരിക്കൽ ഈ സഭയിൽത്തന്നെ ഡ്രൈ സ്റ്റോക്കു ഫാമിൻറെ കാര്യം ഉന്നയിച്ചിട്ടുണ്ടു്. കേരളത്തിൽ രണ്ടെണ്ണം ഉണ്ടെന്നും, അതിൽ ഒന്നു് കൊല്ലം ഡിസ്ട്രിക്ടിലുള്ള കര്യാട്ടു് മലയിലാണെന്നും പറഞ്ഞിട്ടുണ്ടു്. ലക്ഷക്കണക്കിനു് രൂപാ അതിലേക്കു് ചെലവായിട്ടുണ്ടു്. ഒരു നയാപൈസപോലും വരുമാനം ഉണ്ടായിട്ടില്ല. ഒരു പശുവിനേപ്പോലും അവിടെ ആരും എൽപിച്ചിട്ടില്ല. ആ നിലയിൽ ഗവണ്മെൻറു പണം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളതു്. വളരെക്കൂടുതൽ തീറ്റിക്കുലി അവിടെ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണു് ഇങ്ങനെ വന്നുചേരുന്നതു്. മാത്രമല്ല, ഗ്രാമപ്രദേശങ്ങളിലുള്ളവർ അവിടെ പശുവിനെ എൽപ്പിച്ചു എന്നും വരികയില്ല. പിന്നെ ദൂരെ സ്ഥലങ്ങളിൽനിന്നുവേണം പശുക്കളെ കൊണ്ടുവരാൻ. തീറ്റിക്കുലി കൂടുതലായതുകൊണ്ടു് അങ്ങനെയും വരാൻ പോകുന്നില്ല. അതുകൊണ്ടു് ഇതു് ഒരു ഡയറിഫാം ആയി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണു്. അല്ലാതെ ഇതിനുവേണ്ടി ഉദ്യോഗസ്ഥന്മാർക്കു് ശമ്പളം കൊടുക്കുന്നതിനു് തുക ചെലവു ചെയ്യുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കൃഷ്ണപിള്ള]

അവസാനമായി അത്യാവശ്യമായ കാര്യങ്ങൾക്കുമാത്രം വേണ്ട ഡിമാൻറ് ആവശ്യപ്പെടുന്നതിനും എക"സസ്" ഇകകയം നേരത്തെ സാണ്ടർ ചെയ്യുന്നതിനും എല്ലാ ഡിപ്പാർട്ടമെൻറുകൾക്കും നിർദ്ദേശം കൊടുക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. നാരായണക്കുറുപ്പ് : വിദ്യാഭ്യാസവിഷയത്തിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനുവേണ്ടി ഒരുലക്ഷം രൂപാകൂടി അനുവദിച്ചതിനെ മുൻനിറുത്തി ഒന്നുരണ്ടു കാര്യങ്ങൾ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ജവാന്മാരുടെ സന്താനങ്ങൾക്ക് ഹൈസ്കൂളുകളിലും ആർട്സ് കാളേജുകളിലും സൗജന്യവിദ്യാഭ്യാസം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതു പിന്നെ അവരുടെ ആശ്രിതർക്കുകൂടി വ്യാപിപ്പിച്ചു. എന്നാൽ സാമ്പത്തികവർഷം കഴിയാറായി. ഡി. ഇ. ഒ. ആഫീസുകളിൽ കല്പന കിട്ടിയിട്ടുണ്ടെന്നു പറയുന്നു. ഒരൊറ്റ കാളേജിലും കൽപ്പന കിട്ടിയിട്ടില്ലെന്നു ഒന്നിലധികം പരാതികൾ എനിക്കു ലഭിച്ചിട്ടുണ്ട്. ഡി. ഇ. ഒ. ആഫീസുകളിൽ അന്വേഷിച്ചപ്പോൾ അവർ പറയുന്നതു ചില ക്ലാറിഫിക്കേഷൻ ചോദിച്ചിരിക്കുന്നുവെന്നാണു്. അതുകൊണ്ടു ബഹു. മന്ത്രി ഇതിനെപ്പറ്റി കാര്യമായി അന്വേഷിച്ചു് അവർക്കു് നൽകാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ ഈ വർഷത്തിൽത്തന്നെ കിട്ടാനുള്ള സത്വരനടപടികൾ എടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. മറ്റൊന്നു് എനിക്കു പറയാനുള്ളതു് രാഷ്ട്രീയ യാതനക്കാരുടെ വിദ്യാഭ്യാസാനുകൂല്യത്തെപ്പറ്റിയാണു്. കേരളത്തിൽ അവരെ സംബന്ധിച്ചിടത്തോളം ഹൈസ്കൂളുകളിൽ സൗജന്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുന്നു. ഇൻഡ്യയിലെ മറ്റെല്ലാ സ്റ്റേറ്റുകളിലും കാളേജു ക്ലാസ്സുകളിൽകൂടി ആനുകൂല്യം അനുവദിക്കുന്നുണ്ടു്. ഇതു സംബന്ധമായി കേരളത്തിലെ ഒരു രക്ഷിതാവു് കേന്ദ്ര വിദ്യാഭ്യാസമന്ത്രിക്കു് അയച്ച കത്തിനുള്ള മറുപടി ആ മന്ത്രികാര്യാലയം ഈ ഗവണ്മെൻറിനയച്ച ഒരു കത്തോടുകൂടി ഞാൻ കാണുകയുണ്ടായി. അതിൽ എന്തുകൊണ്ടു് കേരളത്തിൽ കാളേജുകളിൽക്കൂടി ഇവർക്കു് ആനുകൂല്യം നൽകുന്നില്ലെന്നാണു് സൂചിപ്പിച്ചിട്ടുള്ളതു്. അങ്ങനെ പരോക്ഷമായി നിർബന്ധപൂർവ്വം കാളേജുകളിൽകൂടി ആനുകൂല്യം നൽകണമെന്നുള്ള അഭിപ്രായഗതി ഈ ഗവണ്മെൻറിനെ അറിയിച്ചിരിക്കെ, അക്കാര്യത്തിൽ എന്തിനു് ഈ ഗവണ്മെൻറു് അനാസ്ഥ കാണിക്കണം. അതിൽ അനുകൂലമായ തീരുമാനമെടുക്കാത്തതെന്തുകൊണ്ടാണെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു് മനസ്സിലാകുന്നില്ല. ഇവിടെ ആ കാര്യം ഉന്നയിച്ചപ്പോൾ അതിനെപ്പറ്റി പരിഗണിക്കുന്നുവെന്നോ, അല്ലെങ്കിൽ സാദ്ധ്യമല്ലെന്നോ ഉള്ള നിലയിലാണു് ഗവണ്മെൻറിന്റെ മറുപടി, മറ്റെല്ലാ സംസ്ഥാനങ്ങളിലേയും പോലെ ഇവിടെയും ആ ദയവു കാണിക്കണം. അത്തരം ആനുകൂല്യം അർഹിക്കുന്നവർ വളരെ കുറച്ചു മാത്രമേ കാണുകയുള്ളൂ.

അടുത്തതായി അദ്ധ്യാപക പ്രശ്നത്തെപ്പറ്റിയാണു് എനിക്കു രണ്ടു വാക്കു പറയാനുള്ളതു്. എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ച വിവരങ്ങളൊക്കെ ശേഖരിച്ചുവരുന്നേയുള്ളൂ എന്നാണു് ഗവണ്മെൻറു പറഞ്ഞതു്. ഏതായാലും അതു സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കേണ്ട കാലം മാത്രമല്ല, തീരുമാനം എടുക്കേണ്ട കാലംകൂടി അതിക്രമിച്ചിരിക്കുന്നു എന്നു് ബഹു. മന്ത്രിയെ അറിയിച്ചുകൊണ്ടു് ഞാൻ ഈ ധനവിനിയോഗബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. ടി. സി നാരായണൻ നമ്പ്യാർ : ഈ ധനവിനിയോഗബില്ലിന്റെ ചർച്ചാവേളയിൽ അതിപ്രധാനമായ ഒരു കാര്യം പറയേണ്ടതുണ്ടു്. ലക്ഷക്കണക്കിനു് ആളുകളുടെ മനസ്സിനെ അജിറേറ്റു ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം ഉന്നയിക്കാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. ഇന്നു് നിർദ്ദിഷ്ടമായ സ്റ്റേറ്റ് ഗ്രാന്റു് ഇല്ലെന്നുള്ള പേരിൽ ജില്ലാ വിദ്യാഭ്യാസ അധികൃതന്മാർ ചില

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾ നിറുത്തുന്നതിനു് നോട്ടീസു് കൊടുത്തിരിക്കുകയാണു്. മലബാർ പ്രദേശം നിർബന്ധിത വിദ്യാഭ്യാസ ഏരിയാ അല്ല. അവിടെയുള്ള പ്രദേശങ്ങളിലെ സ്ഥിതിയാണെങ്കിൽ കുന്നുംകുഴിയും ഇടയ്ക്കിടയ്ക്കു് ചെറിയ തോട്ടുകളും ഉള്ള തരത്തിലാണു്. പത്തുപതുകൊല്ലമായി നടത്തിവരുന്ന വിദ്യാലയങ്ങൾക്കാണു് ക്ലോസുചെയ്യുന്നതിനു് നോട്ടീസുകൊടുത്തിട്ടുള്ളതു്. ശ്രീകണ്ഠപുരം സബ് ഡിസ്ട്രിക്റ്റിൽമാത്രം 38 വിദ്യാലയങ്ങൾ പൂട്ടുന്നതിനു നോട്ടീസു കൊടുത്തിട്ടുണ്ടു്. തളിപ്പറമ്പ സബ് ഡിസ്ട്രിക്റ്റിൽമാത്രം 33 വിദ്യാലയങ്ങൾ പൂട്ടുന്നതിനു നോട്ടീസു് കൊടുത്തിട്ടുണ്ടു്. കഴിഞ്ഞവർഷം 150-ഓളം വിദ്യാലയങ്ങൾ പൂട്ടുന്നതിനു നോട്ടീസു കൊടുത്തിരുന്നു. അന്നു് വിദ്യാഭ്യാസ മന്ത്രി ജനാധിപത്യപരമായ രീതിയിൽ മലബാറിലെ എം. എൽ. എ. മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി മുപ്പതു മുപ്പത്തിയൊൻപതു സ്കൂളുകൾ മാത്രം പൂട്ടിയാൽ മതിയെന്നുള്ള തീരുമാനമാണു് എടുത്തതു്. അതു ഞങ്ങൾ അംഗീകരിക്കുകയും ചെയ്തു. അത്തരത്തിലുള്ള ഒരു സമ്മേളനം ഈ അവസരത്തിൽ വിളിച്ചുകൂട്ടുന്നതു് വളരെ ഉപകാരപ്രദമായിരിക്കും. കുറിയാലൂർ പഞ്ചായത്തതിൽത്തിയിൽ 12 സ്കൂളുകളുള്ളതിൽ 10 സ്കൂളുകൾ പൂട്ടണമെന്നു നോട്ടീസു കൊടുത്തിരിക്കുകയാണു്. 67 കൊല്ലങ്ങളായി നടന്നുവരുന്ന കോൺഗ്രസ്സുരുത്തിയിലുള്ള സ്കൂൾ പൂട്ടുന്നതിനു് നോട്ടീസു കൊടുത്തിരിക്കുകയാണു്. കേരളത്തിലെ പ്രമുഖ ദിനപ്പത്രത്തിൽ ഒന്നായ മാതൃഭൂമി ഈ കാര്യത്തിൽ 'അരുതേ' എന്നൊരു മുഖപ്രസംഗം എഴുതിയിട്ടുണ്ടു്. കുട്ടികളെ സ്കൂളുകളിൽ അയയ്ക്കാൻ പ്രലോഭനം ഉണ്ടായിട്ടില്ലാത്ത മലബാർഭാഗത്തെ സംബന്ധിച്ചിടത്തോളം ഇതു തെറ്റാണെന്നും, മറ്റു പ്രദേശങ്ങളിലുള്ളവരെപോലെ മലബാറിലെ രക്ഷകർത്താക്കന്മാരും അദ്ധ്യേതാക്കന്മാരും ഇക്കാര്യത്തിൽ പ്രലോഭനം നൽകുന്നതിനു് ഗവണ്മെന്റു് ശ്രമിക്കണമെന്നും ആ മുഖപ്രസംഗത്തിൽ വാദിച്ചിരിക്കുകയാണു്. ഈ നിയമസഭയിലെ ആ ഭാഗത്തും ഈ ഭാഗത്തുമുള്ള എല്ലാ സാമാജികന്മാരുടേയും അഭിപ്രായം ഇതുതന്നെയാണു്. അതുകൊണ്ടു് അടുത്തുതന്നെ കഴിഞ്ഞ വർഷത്തെപ്പോലെ എം. എൽ. എ. മാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി കുട്ടികളുടെ പഠിത്തത്തിനു് വിഘാതം വരാത്ത നിലയിൽ ഒരു തീരുമാനം എടുക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്.

കോഴിക്കോട്ടു് മാവൂരുള്ള ഫാക്റ്ററിയിൽനിന്നും പുറത്തുപോകുന്ന കെമിക്കൽസു് കലർന്ന വെള്ളം ചാലിയാർപുഴയിലാണു് വീഴുന്നതു്. ആ പുഴയിലെ വെള്ളം കുടിക്കുന്നതുകൊണ്ടു് അതിനടുത്തുള്ള വില്ലേജുകളിലെ ആളുകൾക്കു് രോഗം പിടിപെട്ടിരിക്കുകയാണു്. ചെറുപ്പം മുതലായ വില്ലേജുകളിലെ ആളുകളെ പല രോഗങ്ങളും ബാധിക്കുന്നുണ്ടു്. അതിനെപ്പറ്റി ഗവണ്മെന്റു് അന്വേഷിച്ചു് ഒരു നിവാരണമാർഗ്ഗം കണ്ടുപിടിക്കേണ്ടതുണ്ടു്. അക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

സീഡു് ഫാംസിന്റെ കാര്യം പറയുകയാണെങ്കിൽ അതു വളരെ ആവശ്യമാണു്. അതിനുവേണ്ട എല്ലാ സഹായങ്ങളും ഞങ്ങൾ ചെയ്യുന്നുണ്ടു്. എന്നാൽ, സീഡു്ഫാമിലേക്കു് ഒരേക്കറും ഒന്നര ഏക്കറും എല്ലാം സ്ഥലമുള്ള കൃഷിക്കാരുടെ സ്ഥലമെടുക്കുകയും അതേസമയത്തു് നൂറും ഇരുന്നൂറും ഏക്കറുള്ള ജന്മിമാരുടെ സ്ഥലം വേണ്ടത്ര എടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു പ്രവണത പ്രാദേശികമായി കാണുന്നുണ്ടു്.

<u>ശ്രീ. ഈ. പി. പൗലോസു്</u> : അക്വിസിഷൻ ഫൈനൽ സ്റ്റേജിൽ ആയതിനുശേഷം രണ്ടുമൂന്നുപേരെ ഒഴിവാക്കണമെന്നുപറഞ്ഞാൽ വിഷമമാണു്. നേരത്തെ പറഞ്ഞിരുന്നുവെങ്കിൽ ഒഴിവാക്കാമായിരുന്നു.

<u>ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ:</u> ഇനിയും അക്വിസിഷൻ മുഴുവനും കഴിഞ്ഞിട്ടില്ല. 45 കൃഷിക്കാരിൽനിന്നും എഴുപതു് ഏക്കർ എടുക്കണമോ, അതോ സ്വന്തമായി നൂറും ഇരുന്നൂറും ഏക്കർ ഉള്ളവരുടെ കൈയിൽനിന്നും എടുക്കണമോ എന്നാലോചിക്കണം. ഇന്നത്തെ നിയമം അനുസരിച്ചാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ]

കൂടിയാന്മാർക്ക് വളരെ കുറച്ചേ പ്രതിഫലം കിട്ടുകയുള്ള ജന്മിക്കുതന്നെ താൽപ്പര്യം അതു് അകപ്പെയർ ചെയ്യണമെന്നാണു്. ഉദ്യോഗസ്ഥന്മാർ ഇതു് മനസ്സിലാക്കി നടപടികളെടുക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പി. ആർ. ഫ്രാൻസിസ് : സർ, ഈ ധനവിനിയോഗബില്ലിനെ അനുകൂലിച്ചുകൊണ്ടു് ഏതാനും കാര്യങ്ങളും ബഹു: കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണു്. സർ, ഇറിഗേഷൻ നികുതിയെ സംബന്ധിച്ചു് ഈ അസംബ്ലിയുടെ എല്ലാ ഭാഗങ്ങളിൽനിന്നും നികുതിയിലുള്ള ക്രമക്കേടിനെ സംബന്ധിച്ചു ഇവിടെ ചർച്ച നടത്തിട്ടുള്ളതാണു്. തൃശ്ശൂർ ജില്ലയിൽ പീച്ചി, വാഴാനി, ചാലക്കുടി എന്നീ ഇറിഗേഷൻ മേഖലകളിലെ ആയിരക്കണക്കിനു കൃഷിക്കാരുടെ മേൽ ജപ്തിയും റവന്യൂ റെക്കവറി നടപടികളും നടത്തിക്കൊണ്ടിരിക്കുകയാണു്. കുഴിഞ്ഞ അന്നരണ്ടു കൊല്ലങ്ങളായി ഈ നടപടികൾ തുടർന്നുവരുന്നു. തൃശ്ശൂർജില്ലയിലെ എല്ലാ എം. എൽ. എ. മാരും ഉൾപ്പെട്ടുകൊണ്ടു് ഒരു മെമ്മോറാണ്ടം ഇതേ സംബന്ധിച്ചു ബഹു. മന്ത്രിക്കു സമർപ്പിച്ചു. അതു സമർപ്പിച്ചിട്ടു വളരെ കാലമായി. എന്നാൽ അടുത്ത ഒന്നോ രണ്ടോ മാസമായി വളരെ ശക്തിയായ നിലയിൽ റവന്യൂ റെക്കവറി നടപടികൾ അവിടെ നടന്നുവരുന്നു. ഈ നടപടികളിലുള്ള ക്രമക്കേടുകളെ സംബന്ധിച്ചു് വളരെ പ്രാധാന്യം ഈ അസംബ്ലിയിലും ബഹു: മന്ത്രിയുടെ അടുത്തു നേരിട്ടും പറഞ്ഞിട്ടു ഇതുവരെ അതിനൊരു പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടില്ല. 13000-ലധികം അപേക്ഷകൾ ഈ നടപടികളെ സംബന്ധിച്ചുള്ള ക്രമക്കേടുകളെ സംബന്ധിച്ചു ബഹു: കളക്ടറുടെ അടുത്തും ഗവണ്മെൻറിലേക്കും കൊടുത്തു. ബഹു: മന്ത്രി ഇവിടെ ഒരു ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി, ഇതിൽ പതിനായിരവും തൃശ്ശൂർ ജില്ലയിൽനിന്നാണെന്നു്. ഈ പതിനായിരം അപേക്ഷകൾ നടപടികളുടെ ക്രമക്കേടിനെ സംബന്ധിച്ചാണു് എന്നും അതുസംബന്ധിച്ചു അന്വേഷിക്കാൻ ഒരു തഹശീൽദാരെ വച്ചു 500 അപേക്ഷകൾ പരിശോധിച്ചിട്ടുണ്ടു് എന്നും അറിയാൻ സാധിച്ചു. ഇതിൽ 150 എണ്ണത്തിനുമാത്രം വിധിയുണ്ടായി. അങ്ങനെ 500 എണ്ണമാണു് പതിനായിരത്തിൽ അന്വേഷണം നടത്തിയതു്. എന്നാൽ ഇന്നും അവിടെ ജപ്തി മുതലായ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്. വെള്ളം ഉപയോഗപ്പെടുത്താത്ത ആളുകൾക്കും ഈ നടപടിയുടെ ഫലമായി ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടു്. ഭൂമിയില്ലാത്ത ആളുകളുടെ പേരിലും നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്. നാടാകെ ജപ്തിയും മറ്റു റെവന്യൂ റെക്കവറി നടപടികളും നടത്തിക്കൊണ്ടിരിക്കുന്നതിന്റെ ഫലമായി അവിടത്തെ കർഷകർ വളരെയധികം വിഷമിച്ചിരിക്കുന്ന അവസരമാണിതു്. അവിടെനിന്നും കന്നുകാലികളും വീട്ടുസാമാനങ്ങളുമെല്ലാം പോലീസിന്റെ സഹായത്തോടുകൂടി നടപടിക്കു വിധേയമാക്കിവരുന്നു. അതുകൊണ്ടു് ഇതിനൊരു തീരുമാനമുണ്ടാകുന്നതുവരെ ഈ നടപടി നിറുത്തിവയ്ക്കണം എന്നും ഒരു തഹശീൽദാരെ മാത്രം വച്ചുകൊണ്ടു അന്വേഷണം നടത്തിയാൽ ഇതു പൂർത്തിയാകുകയില്ല എന്നുള്ളതുകൊണ്ടു് കൂടുതൽ തഹശീൽദാരന്മാരേയും അവർക്കു കൂടുതൽ സ്റ്റാഫും കൊടുത്തു് കഴിയുന്നതും വേഗം ഇതേപ്പറ്റി അന്വേഷണം നടത്തി ഇതിന്റെ പരാതി തീരുന്നതുവരെ അതു നിറുത്തിവയ്ക്കണമെന്നും ഈ അവസരത്തിൽ ബഹു: മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

Shri Hamid Ali Shemnad : Mr. Speaker, Sir, Shri Hassan Gani has pointed out the non representation of Muslim community in the Kerala High Court. He pointed out that there was already a vacancy in the High Court. Shri Hassan Gani also said that the Chief Minister has not got a direct hand in the appointment of Judges in the High Court. Now there is another vacancy, i. e , a vacancy in the Cabinet. If one more Muslim is taken in the Cabinet that will be more useful

LIBRARY ARCHIVES Kerala Legislative Assembly

than a Judge in the Kerala High Court. I request our Chief Minister to take a Muslim in the Cabinet, and maintain proportional representa ion.————

Shri N. Bhaskaran Nair : I presume from the Muslim League:

Shri Hamid Ali Shemnad : From the Congress itself Mr. Bhaskaran Nair. Muslim members of the Congress will also be useful for the Muslim community if they change their hearts. I request the Chief Minister to consider it. If you deem it as a Christian vacancy you can create one more vacancy and appoint a Muslim.

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : സ്പീക്കർ, സർ. ഈ ബില്ലിനെ എതിർത്തുകൊണ്ടു സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ കാര്യങ്ങളെ സ്പർശിച്ചു പ്രസംഗിച്ചിട്ടുണ്ട്. അതെല്ലാം എടുത്തു മറുപടി പറയാൻ സമയം കിട്ടിയില്ലാ എന്നുവരും. അധികം കാര്യങ്ങളും ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണുദ്ദേശമെന്നു ഞാൻ കരുതുന്നു. വാസ്തവത്തിൽ അങ്ങനെയുള്ള കാര്യങ്ങളിൽ ഗവണ്മെൻറിന്റെ ശ്രദ്ധ ഉണ്ടാകുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ചില വിമർശനങ്ങളും അടിസ്ഥാനമില്ലാത്തവയായിരുന്നു. ചില വിമർശനങ്ങളും വളരെ ഏറെ അതിശയോക്തിപരമായിരുന്നു. ചിലതൊക്കെ വളരെ പ്രയോജനകരമായിരുന്നു എന്നു കാണുന്നു. ശ്രീമാൻ എൻ. ഈ. ബലറാം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ സപ്ലിമെൻററിബില്ലിൽ ഇങ്ങനെവലിയ തുകകൾ ചോദിക്കുന്നതു എന്തിനാണു്, പ്രധാനമായ കാര്യങ്ങളിൽ ഒന്നും ഗവണ്മെൻറിന്റെ ശ്രദ്ധ പതിയുന്നില്ല എന്നു പറയുകയുണ്ടായി. ഈ അഭിപ്രായം തെറ്റാണു്. സർ, ഈ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതു അഞ്ചുകോടിയിൽപ്പരം രൂപാ വിനിയോഗിക്കുന്നതിനുള്ള അധികാരമാണു്. അതു ഇന്നലെ പാസ്സാക്കിയ ഡിമാൻറ്സിനെ ആസ്പദമാക്കിയുള്ളതാണു. ഇതു ഒരു വലിയ തുകയാണെന്നു എനിക്കു തോന്നുന്നില്ല. ഈ ഗവണ്മെൻറു വരുന്നതിനുമുമ്പുള്ള വർഷങ്ങളിൽ ആണ്ടവസാനത്തിൽ സപ്ലിമെൻററിബില്ലു കൊണ്ടുവന്നിട്ടുള്ളതു് ഇതുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഇതു അവയെക്കാൾ ചെറുതാണെന്നുകാണാം. പലപ്പോഴും ശരിയായി ബഡ്ജറ്റു ചെയ്യുകയും ശരിയായി ചെലവാക്കാൻ ശ്രമിക്കുകയും ചെയ്താൽ സപ്ലിമെൻററി ബില്ലിലെ തുക കുറഞ്ഞിരിക്കാൻ ഇടയുണ്ടു്. അപ്രതീക്ഷിതമായി വല്ല ചെലവും വരികയാണെങ്കിൽ മാത്രമാണു് ഈ തുക വളരെ വർദ്ധിച്ചുപോകുന്നതു്.

ശ്രീമാൻ രാമുണ്ണിക്കുറുപ്പു് പോലീസിന്റെ പക്ഷപാതപരമായ പ്രവർത്തനത്തെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ച ഒരു കാരണം പോലീസുദ്യോഗസ്ഥന്മാരെസംബന്ധിച്ചുണ്ടായിരുന്ന കേസുകളിൽ പോലീസുദ്യോഗസ്ഥന്മാരെ സസ്പെൻറു ചെയ്തിട്ട അന്വേഷണം നടത്താൻ തയാറായില്ല എന്നും മറ്റു ചില കേസ്സുകളിൽ കാരണമില്ലാതെ സസ്പെൻറുചെയ്തു ചിലരെ ബുദ്ധിമുട്ടിച്ചു എന്നുമാണു്. എന്നാൽ ആരെ ബുദ്ധിമുട്ടിച്ചു എന്നോ ആരോടു പ്രത്യേകം സൗജന്യം കാണിച്ചു എന്നോ പറഞ്ഞിരുന്നു എങ്കിൽ അതേപ്പറ്റി അന്വേഷിക്കാമായിരുന്നു. അതുപോലെ ഒരു നഴ്സിനെ അപമാനിച്ച കഥ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. എനിക്കു അദ്ദേഹം പറഞ്ഞതു വ്യക്തമായില്ല. അതു കുറെക്കൂടി വ്യക്തമാക്കിയാൽ അതേപ്പറ്റി നോക്കാം. പിന്നെ പോലീസിനെ പരാമർശിച്ചുകൊണ്ടുള്ള കോടതിയുടെ വിധിയെ ഗവണ്മെൻറു മാനിക്കുന്നില്ല എന്നു പറഞ്ഞു. കോടതിയിൽനിന്നും പോലീസിനെപ്പറ്റി പരാമർശിക്കപ്പെട്ടുന്ന കാരണങ്ങളിൽ ഗവണ്മെൻറു വളരെ ഗൗരവകാര്യമായി ശ്രദ്ധിക്കുന്നുണ്ടെന്നുള്ളകാര്യം ഇവിടെ പോമിച്ചിട്ടുള്ള ചോദ്യങ്ങൾക്കു ഉത്തരമായി വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ആ വിഷയത്തിൽ വളരെ ഏറെ താൽപര്യം ഉണ്ടെന്നും കോടതികളും പോലീസിന്റെ നടപടികളെപ്പറ്റി ആക്ഷേപിക്കുന്ന കാര്യങ്ങളിൽ ഗവണ്മെൻറു കാര്യമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

നടപടികളും പെട്ടെന്നു സ്വീകരിച്ചില്ല എന്നുണ്ടെങ്കിൽ പോലീസിനെപ്പറ്റി പൊതുജനങ്ങളുടെയിടയിൽ വിശ്വാസം നഷ്ടപ്പെടുമെന്നുള്ളകാര്യവും ഗവണ്മെൻറിനറിയാം. അതുകൊണ്ടു അതിൽ ഏറ്റവും ഗാഢമായ ശ്രദ്ധ പതിപ്പിക്കുന്നതാണു്. അതുപോലെ ഏതോ എഫ്. ഐ. ആറും മറ്റും മാറ്റി എഴുതിയ കഥയും മറ്റും മി. കുറുപ്പു പറഞ്ഞു.

നാഷണൽ ലോൺ സ്കാളർഷിപ്പിനെപ്പറ്റി ശ്രീമാൻ ടി. ഓ. ബാവ എടുത്തുപറയുകയുണ്ടായി. അതിൽ ഒന്നു ഒണ്ടു കാര്യങ്ങളം ആലോചിക്കേണ്ടവയാണെന്നു തോന്നുന്നുണ്ടു്. ഒന്നു് ഈ നാഷണൽ ലോൺ സ്കാളർഷിപ്പു ആദ്യത്തെ കൊല്ലം മാത്രം കൊടുക്കാനേ ഇപ്പോൾ വ്യവസ്ഥയുള്ള. അപ്പോൾ ഈ രണ്ടാമത്തെ കൊല്ലവും മൂന്നാമത്തെ കൊല്ലവും പഠിക്കുന്ന സമർത്ഥന്മാരും നിർദ്ധനന്മാരുമായ കുട്ടികൾക്കു തുടർന്നു പഠിക്കാൻ സൗകര്യം കിട്ടുന്നില്ല എന്നുള്ളതു പ്രത്യേകമായി ഗവണ്മെൻറു നോക്കേണ്ടതാണു്. അതു കൊടുക്കുന്നതിനെസംബന്ധിച്ചും, അതു കിട്ടാത്തതുകൊണ്ടുള്ള വിഷമതകളെ സംബന്ധിച്ചും ശ്രീമാൻ ബാവാ പറഞ്ഞതിനെക്കുറിച്ചു എനിക്കു പറയുവാനുള്ളതു് അടുത്തകൊല്ലം ഇതിൽ ഇങ്ങനെ വരികയില്ല എന്നാണു്. ഈ വർഷത്തിൽ നാഷണൽ സ്കാളർഷിപ്പു് മാത്രമല്ല, ഗവണ്മെൻറും കുറെ പണം അതിലേയ്ക്കു മാറ്റിവച്ചിട്ടുണ്ടു്. അപ്പോൾ ഈ ആവശ്യത്തിനുവേണ്ടി മറേറ ഫണ്ടുകൂടി ഉപയോഗിക്കാൻ ശ്രമിക്കുന്നതാണു്.

ശ്രീമാൻ ടി. കെ. രാമകൃഷ്ണൻ ഓയിൽ റിഫൈനറിക്കുവേണ്ടി സ്ഥലം എടുത്തുകൊടുക്കുന്നതിനും അതിൻെറ ഫലമായി ഒഴിഞ്ഞുപോകേണ്ടിവരുന്നവരെ പുനരധിവസിപ്പിക്കുന്ന കാര്യത്തിലും മറ്റും കാണിക്കുന്ന അനാസ്ഥയെപ്പറ്റിയും അതുമൂലം ആളുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെപ്പറ്റിയും ഈ വ്യവസായം ഇവിടെനിന്നും വേറെ വല്ലയിടത്തും പോകുമോ എന്നു സംശയിക്കുന്ന സാഹചര്യത്തെപ്പറ്റിയും സംസാരിക്കയുണ്ടായി. സർ, ഇതുസംബന്ധിച്ചു ആവശ്യമായ നടപടികളും തക്കസമയത്തു എടുത്തിട്ടുണ്ടു്. ഓയിൽ റിഫൈനറിക്കാവശ്യമായ സ്ഥലം കൈമാറ്റം ചെയ്യുന്നതിനു നടപടിയെടുത്തുവരികയാണു്. അവിടെനിന്നു മാറേണ്ടിവരുന്ന ആളുകൾക്കു സാമാന്യമായി എല്ലാവക്കും കൊടുത്തുവരുന്ന സൗജന്യം അവക്കും അനുവദിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ടു്. ഓയിൽ റിഫൈനറിയുടേയും മെഷീൻ ടൂൾ ഫാക്ടറിയുടേയും പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങളെപ്പറ്റി ഗവണ്മെൻറു ആലോചിക്കുന്നതാണു് എന്നു പറയാൻ എനിക്കു സന്തോഷമുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഓയിൽ റിഫൈനറിയുടേയും എച്ചു്. എം. ടി.യുടേയും കാര്യത്തിൽ അവിടെ താമസിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ ഏർപ്പാടുകളെല്ലാംചെയ്യുമെന്നു പറഞ്ഞു. അതു ആരംഭിക്കുന്നതിനുമുമ്പു് അതേപ്പറ്റി ചർച്ചചെയ്യാൻ ഉന്നതനിലവാരത്തിൽ ഒരു കാൺഫറൻസു വിളിച്ചുകൂട്ടി ഒരു തീരുമാനം എടുക്കണം എന്നു ഞാൻ അഭിപ്രായപ്പെട്ടു. അങ്ങനെ ചെയ്യുന്നതു ഇനി അങ്ങോട്ടുള്ള പ്രവർത്തനങ്ങൾക്കു സഹായകരമായിരിക്കുകയും ചെയ്യും. അതിനുള്ള ഏർപ്പാടുകൾ ചെയ്യാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : അതു ഒരു ഡീറെയിൽ ആണു്. ഒരു നിർദ്ദേശമാണു്. ഏതുപ്രകാരത്തിൽവേണം ആ ഉദ്ദേശം സാധിക്കുന്നതിനു നടപടിയെടുക്കേണ്ടതു എന്നുള്ളതു ഗവണ്മെൻറു ആലോചിച്ചുവേണ്ടതു ചെയ്യുന്നതാണു്.

ശ്രീമാൻ ഹസൻഗനി ഇവിടെ ഉന്നയിച്ച ഒരു കാര്യം ഹൈക്കോടതിയിൽ മുസ്ലീംസമുദായത്തിൽനിന്നും ഒരു ജഡ്ജിയെ എങ്കിലും നിയമിക്കാത്തതിൽ ഉള്ള ഖേദം പ്രകടിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. എല്ലാ വിഭാഗങ്ങളിൽപ്പെട്ട ആളുകളുടേയും പ്രാതിനിദ്ധ്യം ഉണ്ടായിരുന്നാൽ കൊള്ളാം എന്നു ഗവണ്മെൻറിനും അഭിപ്രായമുണ്ടു്. പക്ഷേ, ഹൈക്കോടതി ജഡ്ജിമാരെ നിയമിക്കുന്നതു സമുദായപ്രാതിനിദ്ധ്യത്തിൻെറ അടിസ്ഥാനത്തിലല്ല. എങ്കിലും ഈ

LIBRARY ARCHIVES Kerala Legislative Assembly

രാജ്യത്തു സമുദായങ്ങളുണ്ടെന്നും ജനങ്ങൾക്കു ന്യായമായ വിചാരഗതികവും ഉണ്ടെന്നും ഉള്ള വസ്തുത വിസ്മരിച്ചുകൊണ്ടായിരിക്കുകയില്ല അങ്ങനെ ചെയ്യുന്നതു്. ഈ ജഡ്ജിമാരെ എടുക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറിനു യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കുന്നിടത്തോളം അധികാരം ഒന്നും ഇല്ല എന്നു അദ്ദേഹം മനസ്സിലാക്കീട്ടുണ്ടോ എന്നു എനിക്കു സംശയമാണു്.

ശ്രീ. പി. കെ. കുഞ്ഞു് : ഈ ഗവണ്മെൻറുമായി ആലോചിക്കാതെയാണോ ഹൈക്കോടതി ജഡ്ജിമാരുടെ നിയമനം നടത്താറുള്ളതു് ?

ശ്രീ. ആർ. ശങ്കർ : ഗവണ്മെൻറിനു വിദൂരമായ വല്ല പ്രേരണയും ചെലുത്താൻ കഴിയുമെന്നുള്ളതല്ലാതെ കാര്യമായി ഒന്നും ചെയ്യാൻ കഴിയുകയില്ല. ഗവണ്മെൻറു ഒരു പോസ്റ്റാഫീസുപോലെയാണു് ഇക്കാര്യത്തിൽ. ചീഫ് ജസ്റ്റീസും, ഗവർണ്ണർ അവർകളും, ചീഫ് ജസ്റ്റീസ് ആഫ് ഇൻഡ്യയുംകൂടി ആലോചിച്ചു തീരുമാനിക്കുകയാണു്. ഗവണ്മെൻറു് അതിനു ഇടയ്ക്കു നിൽക്കുന്ന ഒരു സ്ഥാപനമാണെന്നു പറയാം.

Shri P. K. Kunju : 'In consultation with the Government Chief Justice has to make a recommendation' എന്നല്ലേ ?

Shri R Sankar : 'In consultation with the Government' എന്നു പറഞ്ഞാൽ, കൺസൾട്ടേഷൻ കഴിക്കും എന്നു മാത്രമേയുള്ള. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച സെൻറിമെൻറിനോടു ഗവണ്മെൻറിനു അനുഭാവമുണ്ടു് എന്നു മാത്രമേ ഗവണ്മെൻറിനിപ്പോൾ പറയാൻ കഴിയുകയുള്ള.

ശ്രീ. പി. കെ. കുഞ്ഞു് : ഈ നിയമസഭയിലെ പത്തു പതിനാലു മുസ്ലിം അംഗങ്ങൾ ഒപ്പിട്ടു് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും, ഹൈക്കോടതിയിൽ മറ്റു സമുദായങ്ങൾക്കെന്നപോലെ മുസ്ലിങ്ങൾക്കും പ്രാതിനിധ്യം നൽകണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തതിനുശേഷം, 12-ാമതു് ഒരു ജഡ്ജിയെക്കൂടി നിയമിക്കാൻ ഈ ഗവണ്മെൻറിനു് അനുമതി ലഭിച്ചതിനുശേഷം, പതിനാലു മാസമായിട്ടും ആ ഒഴിവു ഇതുവരെ നികത്തിയിട്ടില്ല എന്നു് അറിയാമോ ?

ശ്രീ. ആർ. ശങ്കർ : അറിയാം, അങ്ങനെ നികത്താതിരിക്കുന്നതു്, ഹൈക്കോടതി കെട്ടിടത്തിൽ, ഇപ്പോഴുള്ള ബഞ്ചുകൾക്കുതന്നെ വേണ്ടിടത്തോളം സ്ഥലം ഇല്ലാത്തതുകൊണ്ടും, പുതിയ സൗകര്യം ഉണ്ടായതിനുശേഷം മതി പുതിയ നിയമനം എന്നു ഹൈക്കോടതിക്കു അഭിപ്രായം ഉള്ളതുകൊണ്ടുമാണു്.

ശ്രീ. പി. കെ. കുഞ്ഞു് : ഹൈക്കോടതിൽ ജഡ്ജിമാർക്കു് ഉപയോഗിക്കാവുന്ന സ്ഥലം, അഡ്വക്കേറ്റു സൂര്യനാരായണയ്ക്കു കൊടുത്തതുകൊണ്ടല്ലേ അങ്ങനെ സ്ഥലം ഇല്ലാതെ പോയതു് ?

ശ്രീ. ആർ. ശങ്കർ : ഏതായാലും ഇപ്പോൾ അസൗകര്യമുണ്ടു്. മനപ്പൂർവ്വം വിചാരിച്ചാൽ ഒരു ജഡ്ജിയെ നിയമിച്ചാൽ ഉള്ള സ്ഥലത്തു കഴിഞ്ഞുകൂടുകയും ചെയ്യാം, അതിരിക്കട്ടെ.

ശ്രീ. ഷംനദു് ഒരു വേക്കൻസിയുള്ള കാര്യം ചൂണ്ടിക്കാണിച്ചു, അതു കാബിനറ്റിലാണു്. ആ വേക്കൻസി ഫുർപ്പാടു് എങ്ങനെ വന്നു എന്നു നിശ്ചയമില്ല, മന്ത്രിപദം ഒരു പെർമനൻറു് അറേഞ്ച്മെൻറുള്ളതല്ല.

ശ്രീ. ഹമീദു് അലി ഷംനദു് : അതു നിശ്ചയിക്കാനുള്ള അധികാരം മുഖ്യമന്ത്രിക്കാണല്ലോ ?

ശ്രീ. ആർ. ശങ്കർ : മന്ത്രിമാർ കുറച്ചാകാം, കൂടുതലാകാം, നിയമസഭാംഗങ്ങളിൽ പകുതിവരെയും ആകാം വിരോധമില്ല. ഭരണകക്ഷിയിലെ മുഴുവൻ അംഗങ്ങളും മന്ത്രിമാരായിരിക്കുന്നതിൽ നിയമപരമായി തെറ്റില്ല, പക്ഷേ സാധ്യമല്ല. ഇതൊക്കെ രാജ്യത്തിൻറെ എല്ലാ താൽപര്യങ്ങളും പരിഗണിച്ചു ചെയ്യേണ്ട ചില ഫുർപ്പാടാണു്. വേക്കൻസിയുണ്ടു്, ആ വേക്കൻസിയിൽ ഒരാളെ നിയമിക്കണം എന്ന രീതിയിലുള്ള ഒരു അപ്രോച്ചു് ഈ കാര്യത്തിൽ ശരിയാണെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. ആർ. ശങ്കർ)

സർ, ശ്രീ. ഈ. പി. ഗോപാലൻ വളരെ ഗൗരവമുള്ള ചില കാര്യങ്ങളെപ്പറ്റി പറയുകയുണ്ടായി. അദ്ദേഹം മുഖ്യമായി ചാർജ്ജ്ഡ് ഇനങ്ങളുടെ തുകകളെപ്പറ്റിയാണ് എടുത്തു പറഞ്ഞത്. അദ്ദേഹം പറഞ്ഞു ഗവർണർ, എന്നു പറയുന്ന സ്ഥാപനം, ഒരു അലങ്കാരത്തിനുവേണ്ടിയാണ്, സാധാരണ അനുവദിച്ചിരിക്കുന്നതിനേക്കാൾ, 39900 രൂപ കൂടുതൽ ചെലവാക്കുകയുണ്ടായി; ആ സ്ഥാനം ഒരലങ്കാരത്തിനുവേണ്ടിയുള്ളതായിട്ടുപോലും, ഇങ്ങനെ കൂടുതൽ ചെലവു അനുവദിക്കേണ്ട കാര്യമില്ല. എന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. ഗവർണർ എന്നു പറയുന്നത്, ഇൻഡ്യയിലെ, നാം എല്ലാവരും അംഗീകരിച്ചിട്ടുള്ള ഭരണഘടനയിൽ പ്രധാനമായ ഒരു സ്ഥാനം കൊടുത്തു വച്ചിട്ടുള്ള ദേഹമാണ്. ആ സ്ഥാപനം ഒഴിവാക്കാൻ നമുക്കോ, നമ്മുടെ നിയമസഭയ്ക്കോ അധികാരമില്ല. ഇൻഡ്യൻ ഭരണഘടനയെ ആസ്പദമാക്കിയാണ് ആ സ്ഥാനം നിലനിറുത്തിയിരിക്കുന്നത്. വളരെ ഉന്നതമായ ഒരു സ്ഥാനം, എപ്പോഴും അന്തസ്സു പരിപാലിക്കേണ്ട ഒരു സ്ഥാനം, സാധാരണ വിമർശനങ്ങൾക്കെല്ലാം അതീതമായിരിക്കേണ്ട ഒരു സ്ഥാനം. ആ സ്ഥാനത്തെപ്പറ്റി ലാഘവബുദ്ധിയോടുകൂടി വിമർശനം നടത്തുന്നതു നന്നായിരിക്കുകയില്ല എന്നു പറയണമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : ചെലവിനെപ്പറ്റിയാണു പറഞ്ഞതു്. സ്ഥാപനം വേറെയാണല്ലോ.

ശ്രീ. ആർ. ശങ്കർ : ആ സ്ഥാപനത്തിനു ഒരു സ്ഥാനം നിശ്ചയിച്ചിട്ടുണ്ട്. ആ സ്ഥാനത്തിനനുസരണമായ ചെലവുകളും നടത്തേണ്ടതായി വരും. സാധാരണ മിനിസ്റ്റർമാരോ ഉദ്യോഗസ്ഥന്മാരോ ചെലവുചെയ്യുന്ന മാനദണ്ഡം വച്ചു ഗവർണറുടെ ചെലവുകൾ പരിശോധിക്കുന്നതു ശരിയായിരിക്കുമോ എന്നു ഞാൻ സംശയിക്കുകയാണ്. സംസ്ഥാന ഭരണത്തലവൻ എന്ന നിലയിൽ പാവനവും, ഉന്നതവുമായ ഒരു സ്ഥാനമാണ് ഗവർണർക്കുള്ളതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : പാവനവും ഉന്നതവുമായ ആ സ്ഥാനം, വിമർശനങ്ങൾക്കു് ഇടവരാത്തനിലയിൽ പെരുമാറുകയും, പ്രവർത്തിക്കുകയും വേണമെന്നു സിദ്ധമല്ലേ?

ശ്രീ. ആർ. ശങ്കർ : അതുകൊണ്ടുതന്നെയാണല്ലോ ആ സ്ഥാനം അങ്ങനെയായതു്. യാതൊരു കാരണവുമില്ലെങ്കിലും വിമർശിച്ചുകളയും എന്നൊരു നിലപാടെടുത്താൽ വളരെ ബുദ്ധിമുട്ടാകും. സർ, ഇവിടെ ഇന്നലെ ഒരു വിമർശനം ഉണ്ടായി, ഗവണർ അവർകളുടെ പുത്രനു്, ഗവർണറുടെ എസ്റ്റാബ്ലിഷ്മെന്റിൽപ്പെട്ട ഒരു കാർ, അസാധാരണമായ രീതിയിൽ, വളരെ വിലകുറച്ചു് 3000 രൂപയ്ക്കു ഒരു ബ്യൂക്ക കാർ കൊടുത്തു എന്നും, അദ്ദേഹം അതു് 50,000 രൂപവരെ വിലയ്ക്കു വിറ്റു എന്നുമായിരുന്നു വിമർശനം. അതിനു് എന്തെങ്കിലും തെളിവു തരാമോ എന്നു ചോദിച്ചപ്പോൾ, 'തെളിവു തരാം' എന്നു് ഉടനെ പറഞ്ഞു. പറഞ്ഞവർക്കു് അതിനെപ്പറ്റി വേണ്ടിടത്തോളം തെളിവുണ്ടായിട്ടല്ല. സർ, ഗവണ്മെന്റിന്റെ കൈവശം അതു സംബന്ധിച്ചു ഫയൽ കണ്ടു്. അതു ഞാൻ പരിശോധിച്ചു. പരിശോധിക്കാൻ നിർബന്ധിച്ചതു് ഇന്നത്തെ ഇംഗ്ലീഷു പത്രത്തിൽ, ഇൻഡ്യൻഎക്സ്പ്രസ്സ് പത്രത്തിൽ, രണ്ടു കാളത്തിൽ വലിയ ഹെഡ്ഡിംഗിൽ ഇങ്ങനെ ഒരു വാർത്ത കണ്ടതുകൊണ്ടാണു്.

'Red M. L. A alleges irregularity in Raj Bhavan Car sale'

അങ്ങനെ വലിയ ഒരു ന്യൂസും വന്നുകഴിഞ്ഞു. പല പത്രങ്ങളിലും അതു വന്നിട്ടുണ്ട്. അതു നിർഭാഗ്യകരമായിപ്പോയി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്താണു സംഭവിച്ചതെന്നു ബഹുമാനപ്പെട്ട സഭാംഗങ്ങളെ ഞാൻ അറിയിക്കാം. ബ്യൂക്ക കാർ അദ്ദേഹം വാങ്ങിയിട്ടില്ല, അദ്ദേഹത്തിന്റെ മകനും വാങ്ങിയില്ല. 1952 മാഡ്രൽ ഒരു ഡാഡ്ജ് കാർ വാങ്ങി, ആ വണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

1956-ൽ, ഡാക്ടർ രാമകൃഷ്ണറാവു ഗവർണറായി ഇവിടെ വന്നപ്പോൾ, അദ്ദേഹം ഹൈദരാബാദ് ചീഫ് മിനിസ്റ്ററായിരിക്കുമ്പോൾ ഉപയോഗിച്ചിരുന്നതു് ഇവിടെ കൊണ്ടുവന്നതാണു്. ആ വണ്ടിയോടു പ്രത്യേകം ഇഷ്ടം തോന്നിയതു കൊണ്ടു് ഈ ഗവണ്മെൻറിനു് അതു അക്വയർ ചെയ്യാൻ വിരോധമുണ്ടോ എന്നു ചോദിച്ചു, ഹൈദരാബാദ് ഗവണ്മെൻറുമായി ആലോചിച്ചു് 7500 രൂപ അതിനു വിലയാണെന്നു പറഞ്ഞു, ആ വിലയ്ക്കു 1956-ൽ അതു വാങ്ങിച്ചതാണു്. അതിനു ശേഷം അതു അദ്ദേഹം തുടർച്ചയായി ഉപയോഗിച്ചു. അതിനു ശേഷം വന്ന ഗവർണറും ഉപയോഗിച്ചു. ആ കാർ, 1960—ൽ, സാധാരണ എട്ടു കൊല്ലത്തെ പഴക്കമാണു് ഒരു കാറിനു് ഉപയോഗയോഗ്യമയായി കരുതപ്പെടുന്നതു് ഇപ്പോഴത്തെ ഗവർണരുടെ പേഴ്സനൽ ആവശ്യത്തിനു് ന്യായമായ വിലയ്ക്കു നൽകുന്നതിൽ വിരോധമുണ്ടോ എന്നു എഴുതി ചോദിച്ചു. 5000 രൂപ ന്യായമായ വിലയായിരിക്കുമെന്നാണു് ആദ്യം വിചാരിച്ചതു്. 1956—ൽ 7500 രൂപയ്ക്കു വാങ്ങിയ കാറിനു്, 1960-ൽ 5000 രൂപ വില ന്യായമായ വിലയായിരിക്കുമെന്നു കരുതുന്നതിൽ അത്ഭുതമൊന്നുമില്ല. അങ്ങനെ ഒരു ഓഫർ ഗവണ്മെൻറിനു് വച്ചു. ഗവണ്മെൻറു് ആ വിലയെപ്പറ്റി അന്വേഷണം നടത്തി, അസാധാരണമായി കുറഞ്ഞ വിലയൊന്നുമല്ല. റീസണബിളായ വിലയാണെന്നു കണ്ടതു കൊണ്ടു്, മുറയനുസരിച്ചു ലേലം ചെയ്യാതെ ടാൻസ്പോർട്ട ഡിപ്പാർട്ടുമെൻറും മറ്റുമായി കൺസൾട്ടേഷനും മറ്റും കഴിഞ്ഞു് വിലയെ സംബന്ധിച്ചിടത്തോളം ചീഫ് മിനിസ്റ്റർ സമ്മതിച്ചതിനുശേഷം ആ കാർ അദ്ദേഹത്തിനു വിൽക്കുകയാണുണ്ടായതു്. അദ്ദേഹത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ഇപ്പോഴും ആ കാർ ഗവർണർ ഉപയോഗിക്കുകയാണു്. പിന്നെ ഒരു ബ്യൂക്ക കാറിന്റെ കാര്യവും ഉണ്ടു്. 1948 മാഡലാണു്. ഏകദേശം മൈസൂരിയത്തിൽ വണ്ടിക്കു പഴക്കമുള്ളതാണു്. അങ്ങനെയൊരു കാർ സ്റ്റോറുഗസ്റു ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നു. അതു റിപ്പയർചെയ്യാൻ ടാൻസ്പോർട്ട വക്ഷോപ്പിൽ അയച്ചു. 'ഞങ്ങടം തോറ്റു, റിപ്പയർ ചെയ്യാൻ സാധ്യമല്ല' എന്നു പറഞ്ഞു അവർ ഒഴിഞ്ഞു. മറെവിടെ എങ്കിലും റിപ്പയർചെയ്യാമോ എന്നുനോക്കി, റിപ്പയർചെയ്യാൻ സാധിക്കാത്ത വിധം അതു മോശമായിപ്പോയി എന്നു കണ്ടതിനുശേഷം—വളരെ കുറച്ചു മൈലേജേ ഓടിക്കാൻ സാധിക്കുമായിരുന്നുള്ളു—എങ്ങനെയെങ്കിലും വിറ്റാൽ മതിയെന്നു വിചാരിച്ചു. സാധാരണ നടപടിക്രമം അനുസരിച്ചു ലേലംചെയ്തു. പഴയ കാറായതുകൊണ്ടു ലേലത്തിൽ ഏറ്റവും കൂടിയ തുകയായി 900 രൂപയാണു വിളികേട്ടതു്. ആയിരം രൂപ തികഞ്ഞില്ല. അതു കൊണ്ടുപോകണമെങ്കിൽ അവക്കു വല്ലതും അങ്ങോട്ടു കൊടുക്കണമെന്നായി. ഏതായാലും 900 രൂപയ്ക്കു എങ്ങനെ ഒരു കാറു കൊടുക്കുമെന്നുകരുതി ലേലം സ്ഥിരപ്പെടുത്താതെ മാറ്റിവച്ചു. പിന്നീടു് ഒരു ബ്യൂക്ക കാറു ലേലംചെയ്യാനുണ്ടെന്നുള്ള വിവരം പരസ്യം ചെയ്തു. സീൽചെയ്തു ടെൻഡർ ക്ഷണിച്ചു. ടെൻഡർ പരിശോധിച്ചപ്പോൾ കൂടിയ ടെൻഡർ 1581 രൂപയുടേതാണെന്നു കണ്ടു. രണ്ടായിരം രൂപ കിട്ടിയാൽ തരക്കേടില്ലെന്നുണ്ടായിരുന്നെങ്കിലും, 1581 രൂപയുടെ ഓഫർ വന്നതു് ഒരുവിധം ന്യായമായ വിലയാണെന്നു ടാൻസ്പോർട്ട ഡയറക്ടരും മറ്റും അഭിപ്രായപ്പെട്ടതിനാൽ ആ വിലയ്ക്കു വണ്ടി കൊടുത്തു. ആ വണ്ടി വാങ്ങിയതു ശ്രീ. മല്ലിക്കു ഗിരിയല്ല, പേട്ടയിലുള്ള ഒരു ഉപേന്ദ്രനോ മറ്റോ ആണെന്നതോന്നുന്നു. വണ്ടി പോയിക്കഴിഞ്ഞിട്ടു് അതിന്റെ പുറകേ സക്കർ പോകുക പതിവില്ലാത്തതുകൊണ്ടു് അതുപിന്നെ എന്തുചെയ്തു, വിറ്റോ, സ്വയർ പാർട്ടായി വിറ്റോ എന്നൊന്നും നിശ്ചയമില്ല. സർ, വസ്തുതകളെപ്പറ്റി വേണ്ടവിധം അന്വേഷിക്കാതെ, വളരെ ഗുരുതരമായ ആരോപണങ്ങളും, സംസ്ഥാന ഭരണത്തലവനെ സംബന്ധിച്ചു്, പാവനവും, ഉന്നതവും, ബഹുമാന്യവുമെന്നു കരുതപ്പെടേണ്ട സ്ഥാനത്തെപ്പറ്റി, ഇവിടെ വിമർശനത്തിനുള്ള അവകാശമുണ്ടെന്നുള്ളകാര്യം ശരിയാണെങ്കിലും പരാമർശം ഉണ്ടായതു് ശരിയായില്ല എന്നാണു് എന്റെ അഭിപ്രായം.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഹെഡ്ഡ് ആഫ് സ്റ്റേറിനെപ്പറ്റിയല്ല, ഭരണച്ചെലവിനെപ്പറ്റിയാണു ഞാൻ പറഞ്ഞതു്. ദുർവ്യയം ധാരാളം ഭരണത്തിൽ വന്നുകൂടുന്നു എന്നു ഞാൻ പറഞ്ഞിട്ടുള്ളതിനെ മുഖ്യമന്ത്രി നിഷേ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എൻ. ഗോപാലക്കുറുപ്പ്]

ധിച്ചിട്ടില്ല. കാർകൊടുത്തതിനെപ്പറ്റിയും, അതുസംബന്ധിച്ച ഫയലിനെപ്പറ്റിയും, മറ്റു ഫാർമാലിറ്റീസിനെപ്പറ്റിയും ഒക്കെയാണു് മന്ത്രി ഇവിടെ പറഞ്ഞതു്.

ശ്രീ. ആർ. ശങ്കർ : സർ, ഞാൻ വസ്തുതകൾ പറഞ്ഞുകഴിഞ്ഞു. 1956-ൽ, 7,500 രൂപയ്ക്കു വാങ്ങിയ ഒരു കാർ, നിരന്തരമായി ഉപയോഗിച്ചതിനുശേഷം, 1960-ൽ 5,000 രൂപയ്ക്കു കൊടുത്തിനെപ്പറ്റിയാണു് ഈ ആക്ഷേപം ഉന്നയിച്ചതു്. കാർ വാങ്ങുകയും, ഉപയോഗിക്കുകയും, വിൽക്കുകയും ചെയ്യുന്നവയ്ക്കൊക്കെ അറിയാം.....

ശ്രീ. ഈ. പി. ഗോപാലൻ : റിപ്പയർ ചെയ്ത ചെലവു പരിശോധിച്ചാൽ അറിയാം എത്ര ചെലവായിട്ടുണ്ടെന്നു്.

ശ്രീ. ആർ. ശങ്കർ : കാറിന്റെ റിപ്പയറിനു് എന്തെല്ലാം ചെലവുവരുമോ അതൊക്കെ വരും. ഡീറ്റയിൽസിലേക്കു കടക്കുന്നില്ല. വസ്തുതകളെപ്പറ്റി അന്വേഷിച്ചു് ഉത്തരവാദിത്വത്തോടുകൂടി ഒരു ആരോപണം ഉന്നയിക്കാതെ, ലാഘവബുദ്ധിയോടുകൂടി, ഇത്രകട്ടിയായി ഇതു കൈകാര്യംചെയ്തതു ശരിയായില്ലെന്നു പറയാൻ ഞാൻ നിർബ്ബന്ധിതനാകുന്നതിൽ ദയവായി ക്ഷമിണം.

സർ, ശ്രീ. ഈ. പി. ഗോപാലൻ, ചാർജ്ഡ് അയിറ്റത്തിൽ കോടതി വിധിമൂലം കൊടുക്കാൻ ഇടയായ തുകയെപ്പറ്റി പറഞ്ഞു. സർക്കാർഭാഗം വാദിക്കാൻവേണ്ടി സർക്കാർ നിയമിച്ച വക്കീലന്മാർ മോശക്കാരായതുകൊണ്ടാണു് അങ്ങനെ കോടതി വിധിയുണ്ടായിട്ടുള്ളതെന്നു അദ്ദേഹം പറഞ്ഞു. ഞാൻ അതു പരിശോധിച്ചു. എന്നാണു് ഭയങ്കരമായ രാഷ്ട്രീയ പരിഗണനവച്ചു സർക്കാർ വക്കീലന്മാരെ നിയമിച്ചതെന്നു പരിശോധിച്ചു. ഇതിൽ 49-ാം പേജിൽ അവസാനം കാണുന്ന കേസു്, ചിറ്റൂർ മുൻസിഫുകോടതിയിൽ, 1958-ലെ 270-ാം നമ്പർ കേസും, 1958-ലെ 354-ാം നമ്പർ കേസുമാണു്. അന്നു് എങ്ങനെ രാഷ്ട്രീയ പരിഗണന മോശപ്പെട്ടു, വക്കീലന്മാരെ നിയമിക്കുന്നതിൽ എങ്ങനെ കുഴപ്പം പറ്റിയെന്നറിയുന്നില്ല. സാധാരണ സർക്കാർ ഒരുവിധം കൊള്ളാവുന്ന ആളുകളെയാണു് വക്കീലന്മാരായി നിയമിക്കാറുള്ളതു്. രാഷ്ട്രീയ പരിഗണനയൊന്നും നോക്കാറില്ല. സർക്കാർ ആവശ്യത്തിനുവേണ്ടി വാദിക്കുന്നവർ സാമാന്യമായിട്ടു് നിയമപരമായ പരിജ്ഞാനമുള്ളവരായിരിക്കണം, സാമാന്യബുദ്ധിയുള്ളവരായിരിക്കണം എന്നുള്ള നിർബ്ബന്ധം പാലിക്കാറുണ്ടു്. വല്ല പാകപ്പിഴയും വന്നുപോയാൽ അതു പൂണ്ടിക്കാണിക്കാമെന്നല്ലാതെ ഈ അവസരത്തിൽ ഇങ്ങനെയുള്ള വിമർശനം നടത്തിയതു ശരിയായോ എന്നു എനിക്കു സംശയമുണ്ടു്.

സർ, പിന്നെ പ്രൈവറ്റു സ്കൂൾ അദ്ധ്യാപകരെ സംബന്ധിച്ചു് ഇവിടെ പലരും പറഞ്ഞു. അദ്ധ്യാപകരുടെ കാര്യത്തെസംബന്ധിച്ചിടത്തോളം ഗവണ്മെന്റിനു പ്രത്യേക പരിഗണനയുണ്ടെന്നും പൊതുവേ അവരുടെ കാര്യം ശ്രദ്ധിക്കാമെന്നും, അവരുടെ പ്രശ്നത്തിൽ ഗവണ്മെന്റിനു കഴിവുള്ളതൊക്കെ ചെയ്യാമെന്നും ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ ഉന്നയിച്ച ഒരു ചോദ്യത്തിനു് അവരുടെ പെൻഷൻ, 1,600 പേരുടെ പെൻഷൻ കൊടുക്കാനുള്ളതിൽ, 1,000 പേരുടെ പെൻഷൻ കൊടുത്തുകഴിഞ്ഞു എന്നു പറഞ്ഞിട്ടുണ്ടു്. ബാക്കിയുള്ളതു് അന്വേഷണത്തിൽ ഇരിക്കുകയാണു് ആ സ്ഥിതിക്കു് ഗവണ്മെന്റു അവരുടെ കാര്യം ശ്രദ്ധിക്കുന്നുണ്ടെന്നു കാണാൻ പ്രയാസമില്ല.

ഹരിജൻമാരുടെ വികസനപരമായ പ്രവർത്തനങ്ങൾക്കായി പത്തു ലക്ഷം രൂപ നീക്കിവച്ചിരിക്കുന്നതു അപര്യാപ്തമാണെന്നും കൂടുതൽ തുക ആവശ്യമാണെന്നും, പ്ലാൻ പീരിയഡിൽ, എഴുനൂറോളം ബോട്ടുകൾ വിതരണം ചെയ്യേണ്ടതിൽ ചുരുങ്ങിയ ശതമാനം, 100 ബോട്ടുകൾമാത്രമേ കൊടുത്തിട്ടുള്ള എന്നൊക്കെയും ശ്രീ. കെ. ആർ. വിജയൻ പറഞ്ഞു. അദ്ദേഹം പറഞ്ഞ കണക്കു ശരിയല്ല. ഡീസൽ എൻജിൻ കിട്ടാനുള്ള വിഷമംകൊണ്ടാണു് പ്ലാൻ അനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

ബോട്ടകം നൽകാൻ സാധിക്കാതിരുന്നതു്. എന്നിരുന്നാലും ഇതിനകം 260 ബോട്ടകം ഈ ഗവണ്മെൻറും, ഇൻഡോ-നാർവീജിയൻ പ്രോജക്റ്റിൻറെ ആഭിമുഖ്യത്തിലുമായി കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. അതു വളരെ കുറവല്ല. ഒരുപക്ഷേ, ഇതിനകം 350 എങ്കിലും കൊടുത്തു തീർക്കേണ്ടതായിരുന്നു. 40 എണ്ണത്തിനുകൂടി ആർഡർ കൊടുത്തിട്ടുണ്ടു്. ഇനിയും തുടർന്നു ഈ കാര്യത്തിൽ ശ്രദ്ധയോടുകൂടി ഗവണ്മെൻറു പ്രവർത്തിക്കുമെന്നു് എനിക്കു പറയാൻ സാധിക്കും.

രാഷ്ട്രീയ യാതനക്കാർക്കു സൗജന്യം കൊടുക്കുന്നതിൽ വേണ്ടിടത്തോളം ഔദാര്യം കാണിച്ചിട്ടില്ല എന്നു് ശ്രീ. നാരായണക്കുറുപ്പു ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഈ കാര്യത്തിൻറെ എല്ലാ വശങ്ങളേയും പററി ആലോചിച്ചശേഷം ഗവണ്മെൻറു എടുത്ത തീരുമാനമാണു് യാതനക്കാരുടെ കുട്ടികൾക്കു ഹൈസ്കൂൾ വരെ പഠിക്കുവാനുള്ള സൗജന്യം കൊടുക്കണമെന്നു്. അതിനപ്പുറത്തെ പഠിത്തത്തിൻറെ കാര്യത്തെപ്പററി ഗവണ്മെൻറു ആലോചിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം ഉന്നയിച്ചു സ്ഥിതിക്കു വീണ്ടും ആലോചിക്കുന്നതാണു്. ബഹുമാനപ്പെട്ട ടി. സി. നാരായണൻ നമ്പ്യാർ അൺ ഇക്കണാമിക്കായിട്ടുള്ള സ്കൂളുകൾ നടത്തുന്നതിനു മുമ്പു വിളിച്ചുകൂട്ടിയതുപോലെയൊരു സമ്മേളനം വിളിച്ചുകൂട്ടി ഒരവസരംകൂടി നൽകണമെന്നു പറഞ്ഞു. മലബാറിൽ ചിലയിടത്തു രണ്ടിൽചിലപ്പോൾ സ്കൂളുകൾ ഉണ്ടു്. അദ്ദേഹം തന്നെ പറയുകയുണ്ടായി ഒരു കാമ്പൗണ്ടിൽ നാലിൽചിലപ്പോൾ സ്കൂളുകൾ പ്രവർത്തിക്കുന്നതായി അദ്ദേഹത്തിനറിയാമെന്നു്; കഴിഞ്ഞയാണ്ടത്തെ സമ്മേളനത്തിൽ അങ്ങനെ പറഞ്ഞിട്ടുള്ളതു് ഇപ്പോഴും ഞാൻ ഓർക്കുന്നുണ്ടു്. അങ്ങനെയുള്ളിടത്തു ഒന്നോ രണ്ടോ സ്കൂളുകൾ നിറുത്തൽ ചെയ്താൽ അതുകൊണ്ടു് വലിയ ബുദ്ധിമുട്ടു നേരിടുകയുമില്ല, ഗവണ്മെൻറിനു ലാഭകരവുമായിരിക്കും. ഏതായാലും ആ കാര്യത്തെപ്പററി ആലോചിക്കാം. ഒരു കുട്ടിക്കെങ്കിലും അസൗകര്യം ഉണ്ടാക്കണമെന്നു ആഗ്രഹമില്ലെന്നു മാത്രമല്ല കഴിയുന്നിടത്തോളം സൗകര്യം പ്രയോജനകരമായ രീതിയിൽ നഷ്ടം സഹിച്ചും നൽകണമെന്നാണു് ഗവണ്മെൻറിൻറെ വിചാരം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : അവിടെ ഒരു കാമ്പൗണ്ടിൽ നാലു സ്കൂൾ ഉണ്ടെങ്കിൽ അതിൽ ഒന്നോ രണ്ടോ നിറുത്തുന്നതിനെപ്പററിയല്ല ഞാൻ പറഞ്ഞതു്. അങ്ങനെയുള്ളിടത്തു ഞങ്ങൾ സഹകരിക്കുന്നതാണു്.

ശ്രീ. ഈ. പി. ഗോപാലൻ : അങ്ങനെ നിറുത്തിയിട്ടുള്ള സ്കൂളുകളിലെ അദ്ധ്യാപകർക്കു ജോലികിട്ടാതെ വിഷമിക്കുന്നുണ്ടെന്നുള്ളവിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഞാൻ അതേപ്പററിയെല്ലാം പറഞ്ഞുകഴിഞ്ഞു. ഓവുർ ഫാക്ററിയിലെ ഒലിച്ചുവരുന്ന വെള്ളം ചാലിയാർ പുഴയിൽ വിടുന്നതുകൊണ്ടു് അവിടുള്ള വെള്ളം മലിനമാകുന്നുവെന്നും തന്നിമിത്തം അതു കുടിക്കുന്നവർക്കു രോഗം ബാധിക്കുന്നുവെന്നും പറയുകയുണ്ടായി. അതിനെപ്പററി വേണ്ടതു ചെയ്യാം. ആ മലിനവെള്ളം ആറിൽവിടാതെ മറു വല്ലിടത്തേയ്ക്കും കൊണ്ടുപോകാമോ എന്നുള്ള കാര്യം ആലോചിക്കാം. തിരുവിതാംകൂറിലും ഇതുപോലെ ഒരു സംഗതി നടക്കുന്നുണ്ടു്. പുനലൂർ പേപ്പർമില്ലിൽ നിന്നും വരുന്ന വെള്ളം കല്ലടയാറിൽ ചെന്നുവീഴുന്നകാരണം ആ ആറിലെ വെള്ളം ഉപയോഗശൂന്യമായി പോകുന്നുണ്ടു്. 20 മൈൽ ദൂരത്തോളം മത്സ്യം പോലും ജീവിക്കുകയില്ല എന്നാണു് പറയുന്നതു്. അതിനു എന്തുചെയ്യാമെന്നു ഗവണ്മെൻറു കാര്യമായി ആലോചിച്ചുവരുന്നുണ്ടു്. ഒരുകാര്യം ഞാൻ പറയാം. ഇങ്ങനെ വളരെയധികം പ്ലാൻ പ്രവർത്തനങ്ങളും വരുമ്പോഴും നദീജലം വളരെശുദ്ധമായി വച്ചുകൊണ്ടിരിക്കുവാൻ പ്രയാസമാണു്. റൈൻ നദിയിലെ ജലം ഞാൻ കണ്ടിട്ടുള്ളതാണു്. തൊടാൻപോലും തോന്നുകയില്ല. എണ്ണയും മറും വന്നിട്ടു ഒരുമാതിരി കുഴമ്പുപോലെ കിടക്കുകയാണു്. പഴയ അമ്പലകുളങ്ങളിലേ ഇങ്ങനെയുള്ള വെള്ളം കുടിക്കാൻ കഴിയുകയുള്ളു. ബോട്ടയാത്രയും മറും ഉപയോഗിക്കുന്നുണ്ടെന്നുള്ളതല്ലാതെ മറു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ആർ. ശങ്കർ]

ഉപയോഗമെന്നും ഇതിൽനിന്നും ഉണ്ടാകുന്നില്ല. നടീജലം കൂടുതൽ പരിശുദ്ധ മായിരിക്കുവാൻ ശ്രമിക്കാം. ഇത്രമാത്രമേ എനിക്ക ഇപ്പോൾ പറയുവാനുള്ളൂ. ഈ അപ്രോപ്രിയേഷൻ ബിൽ സഭ പാസ്സാക്കിത്തരണമെന്ന ഞാൻ അപേ ക്ഷിക്കുകാണു്.

The question that the Kerala Appropriation (No. 1) Bill, 1964 be taken into consideration was put and carried.

Cause 2

The question that Clause 2 stand part of the Bill was put and carried.

Clause 2 was added to the Bill.

The schedule

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

Clause 1, *Preamble and Title*

The question that Clause 1, Preamble and Title stand part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

Cheif Minister (**Shri R. Sankar**) : Sir, I move that the Kerala Appropriation (No. 1) Bill, 1964 be finally passed.

Shri K. A. Damodara Menon : I second it.

The question that the Kerala Appropriation (No. 1) Bill. 1964 be finally passed was put and carried.

The Bill was passed.

Mr. Speaker : The House will now adjourn and meet again at 8 a. m. tomorrow, the 28th February, 1964.

The House adjourned at 1·05 p. m. to meet again at 8 a. m. on Friday, the 28th February, 1964.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to starred question No.* 419 (3)]

	Name and address of Recipients	*Amount of financial assistance sanctioned.*
	(1)	(2) Rs. nP.
1	Shri Narayanan Appu, Poovelil Puthen Purayil, Memmukhom, Maneed Village, Muvattupuzha, Ernakulam District.	50 00
2	Shri Sardar Chandroth Kunhiraman Nair Moozhikara, Tellicherry, Cannanore	500 00
3	Shri Thankappan, Petta, Trivandrum	17 94
4	Shri Velayudhan Nair, Kundarthala Veedu, Mulloor, Trivandrum	14 00
5	Shri K. P. Narayanan, Typist, Collectorate, Cannanore	500 00
6	Smt. P. Ponnamma, Puthen Veedu, Chalai, Airanimuttom, Trivandrum	50 00
7	Shri Pathris Varghees, Pallipurayidom, Eravipuram, Quilon.	100 00
8	Smt. Panky, daughter of Kochupennu, Thiruthumvilakathu Veed, Arathukonam, Pallichal, Nemom	50 00
9	Shri Velayudhan Sanku, Mudumbil Veedu, Karikkakom, Chackai Trivandrum	630 91
10	Shri. Kunhambu Nair, Thekkil Village, Cannanore.	200 00
11	Shri M. Kochukunju Vaidyan, Kottiyam Settlement Scheme Colony, Block No.27, Kottiyam P. O., Quilon.	80 00
12	Shri U. Marthandan, Madavilakathu Veedu, Kavalayoor, Manamboor, Trivandrum District.	100 00
13	Shri. Mathevan Pillai, Son of Sivathanu Pillai, Kuriathy, Manacaud, Trivandrum	50 00

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2) Rs.	nP.
14	The families of Shri. Thoppayil Inbichammu Shri Thoppayil Ahamedkutty, Shri M. T. Ummer, Shri Thoppayil Rajan, and Shri Muhammad, Kozhikode District.	1,500	00
15	Smt. O.M. Rema, daughter of the the deceased Smt· Lakshmikutty Amma, Madathumbhagom Desom, Eramholi Amsom, Cannanore District.	200	00
16	Shri K. Sasidharan Nair, Son of Shri. Kesava Pillai, Cheriyakarayeekottu Veedu, Thirukoilvattom, Navaikulam, Chirayinkil, Trivandrum District.	757	60
17	Shri V. Chellappan Chettiar, Kuzhivilakathu Veedu, Manvila, Kulathoor, Kazhakkoottom P. O. Trivandrum District.	50	00
18	Smt. Secthu, Wife of the deceased Shri Malinga Moolya, Kanathila in Paivaliku Village, Kasargode Taluk, Cannanore District	100	00
19	Smt. Nellikka Madavi, Kavumbhagom Desom, Thiruvangad Amsom, Tellicherry Taluk, Cannanore District.	50	00
20	Shri Mathai Varkey, Cheemacheril, Perumpaikad Village, Kottayam District.	100	00
21	Smt. Mariahridayam, Gnanaprakasini, Pallivilakam Purayidathil, Poonthura, Muttathara Pakuthy, Trivandrum District.	150	00
22	Shri P. Antony, Padippura Veedu, Thangasseri, Quilon, President, Coastal Young Men's Society, Thangasseri, Quilon.	500	00
23	Smt. P. K. Sarojini, Pullattuthathil Purapuzha P. O. Nediyrsala (Via) Thodupuzha, Ernakulam District.	50	00
24	Shri R. Kunjikrishnan Pillai, Porumpazhuthur, Neyyattinkara, Trivandrum District.	100	00
25	Shri Kottaka Mathai Iype, Ankamalikara Alwaye Taluk, Ernakulam District	100	00

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)	
		Rs.	nP.
26	Shri A. K. Viswambaran Nair,, Peon, Industries Department, Government Secretariat, Trivandrum.	450	00
27	Smt. K. Savithri, Nedumgolathu Charuvila Veedu, Meenadu Pakuthy, Quilon	103	00
28	Shri Narayanan, Murukkumthodiyil Athaloor Desom, Thavanoor Amsom, Ponnani Taluk, Palghat District	50	00
29	Smt. Iyyathumma, Pulikkathadathil, Kozhikkara Desom, Kappuram Amsom, Ponnani Taluk, Palghat District.	25	00
30	Shri P. Sivaraman, son of Pokkiliyan, Kotikulam P. O. Bekal (Pallikero Village) Cannanore District.	100	00
31	Shri P. C. Othanan Nambiar, P.O. Kizhara, Via Cherukunnu, Cannanore District.	100	00
32	Shri Krishnayyan Hariharayyan, Pazhuvadi Gramam, Thekkumkara Muri, Nedumangad, Trivandrum	50	00
33	Shri Paleri Velayudhan, Thalicheri Desom, Puzhathi Amsom, Cannanore Taluk, Cannanore District	100	00
34	Shri Pappu Moothan, Perambatha, Chethallur amsom Desom, Perinthalmanna Taluk	20	00
35	Smt. Kalikutty Ammal, Perambatha, Chethallur amsom Desom, Perinthalmanna, Palghat District	15	00
36	Shri Velayudhan Krishnan, Charuvila Puthen Veedu, Benmoothupacha, Mudakkal village and post Ayilon Desom, Chirayinkil Thaluk, Trivandrum District.	100	00
37	Shri Raman Sekharan, Thunduvila Veedu, Kunnhikattukonam, Mudakkal Village, Ayilom Desom, Chirayinkil Taluk, Trivandrum District.	100	00

LIBRARY ARCHIVES Kerala Legislative Assembly

	(1)	(2) Rs.	nP.
38	Shri U. C. Thomas, Vellapattu House (Vadackan) Palai, Kottayam District	25	00
39	Smt Valliamma, Wife of Shri Kunjiraman, Kuttamparambathu, Vadanappally Amsom Desom, Chavakkad, Trichur	100	00
40	Smt. Nani Bhavani Akathara, Kizhakkethil Veedu, Thamallakkal Vadakkam Muri, Kumarapuram Village, Karthikappally taluk, Alleppey District.	43	99
41	Shri Bacharan Kuttan, P.O Kadappuram, (Via) Orumanayoor, Trichur	100	00
42	Shri Mohammed, Son of Baithankutty, Keezhur Kalnad Village, P. O Chandragiri, Via Kasargod, Cannanore District.	100	00
43	Shri Nelethil Hydru, Palappuram Amsom Desom, P. O. Ottapalam, Palghat District.	50	00
44	Shri N. K. Chathukutty, Retired Teacher, P. O. Mokeri (Via) Panoor, Cannanore District	50	00
45	Shri C. L. Devies, Son of Cheruvathur Lonappen, Vadakkancherry Village, Thalappally Taluk	50	00
46	Shri Mahadevan Thankappan, Asarithara Veedu, Thekkekara Muri, Champakkulam Village, Kuttanad Taluk, Alleppey District	100	00
47	Shri C. K. Chelleppan, Rx. MTS/226345 Sepoy, Charakuzha Kadayara Veedu, Nedungad, Karamana P. O.	50	00
48	Shri Govindan, Kummankulathu Parambil, Kanamkara, Kangazha Panchayat, Kottayam District.	50	00
49	Shri Kadumthottu Philipose Isac, Pampoorampara, Payippad, Changanacherry, Kottayam District	50	00
50	Shri P. K. Raghavan, Kochuveedu, Ekarakkonam, Kakkode, Punaloor, Quilon	50	00
51	Smt. Hymavathi, daughter of Vattekkat Valappil Kunhikuttan, Manalur Village, Thalappilly Taluk	100	00
52	Shri Raman Nair, Son of Ambadath Chirudevi Amma, Manalur Village, Thalappilly Taluk, Trichur.	100	00
53	Shri N. Velappan Pillai, Thengilazhikathu Veedu, Kilikolloor, Quilon.	641	31
54	Shri Mosa James, Puthuval Puthen Veedu, Ayikkara Veettu Muri, Muttathara Village, Trivandrum	50	00
55	Shri S. Esakky Muthu Achari, T. C. No. 499-500 Kalpalaym, Karamana, Trivandrum	50	00

LIBRARY ARCHIVES Kerala Legislative Assembly

(1)		(2)	
		Rs.	nP.
56	Shri N. Balakrishna Pillai, Charuvila Puthen Veedu, Virinjathucherry, Kalluvathukkal Panchayat, Meenad Village, Quilon District	100	00
57	Shri Mathan Yohannan, Kottakkattethu Veedu Kulasekharapuram Village, Quilon District	100	00
58	Shri K. Raghavan Pillai, Kanjiramnilkunnathil Veedu, Angadikkal Village, Kunnathur Taluk, Quilon District.	50	00
59	Wife of the deceased fisherman Shri Kuttappan Karunakaran, Azhekal Kadavu, Elankunnapuzha	100	00
60	Shri Kodichi Thayyil Nammu, Moottunkal Amsom Desom, Badagara, Kozhikode.	100	00
61	Shri T. D. Devassy, Thottakath House, Kothad, Varapuzha P. O. ,Ernakulam District.	50	00

LIBRARY ARCHIVES Kerala Legislative Assembly

APPENDIX II

[*Please see answer to starred question* 426 (11)]

STATEMENT

S. S. L. C. Examination—Important changes in the Scheme of Examination

1. The maximum marks allotted for the I Language (Malayalam) is 100 instead of 200. Thus the total marks of the I Language will be on a par with that for the other lauguages and subjects.

2. There will be two papers of 2 hours duration each for the Core Subjects, viz. Mathematics, General Science and Social Studies instead of the present one paper of 2 hours duration. The students will therefore have to be thorough with the entire portions. This would help in minimising chance elements in deciding the promotion of candidates. There will be no demarcation of portions for the two papers.

The students who took electives under the diversified course who enjoyed so far concessions in portions for study in Core Subjects will have to study the whole portion just like the other students. However they will be exempted from the II part under language papers.

4. In setting the question papers, it has been the practice so far to give too much importance to rote learning and memorization. It is proposed to increase the number of objectives based on objective questions so that subjectivity in setting of questions and scoring could be eliminated. In English new types of comprehension tests instead of tereotyped essays will be included in the question papers.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX III

[*Please see answer to starred question* 434 (21))

List of Parties Availing of the Facilities in the Government Ice and Cold Storage Plants In the State.

Ice and Cold Storage Plant, Trivandrum

Messrs. Malabar Pack Marines Ltd., Sri Vilas Road, Calicut.

Ice and Cold Storage Plant Neendakara.

No. 1 Fisherman Sales Organisation (INP) Ltd., Neendakara.

Ice and Cold Storage Plant, Cochin.

1. Messrs. Indo Marine Agencies, Cochin.
2. ,, Oceanic Products Export Co., Quilon
3. ,, Thycooden Commercial House, Quilon
4. ,, Calicut Food Packers, Cochin
5. ,, George Maijo and Co., Cochin.
6. ,, Arabian Sea Foods, Cochin.
7. ,, Island Sea Foods, Kottayam
8. ,, India Sea Foods, Cochin
9. ,, Cochin Co., Ernakulam.
10. ,, Associated Fisheries, Ernakulam
11. ,, Kurwath Damodaran, Ernakulam
12. ,, The Travancore-Cochin Prawn Curers Co-operative Society, Cochin.

Ice and Cold Storage Plant, Calicut

1. Messrs. Avran and Sons, Calicut
2. ,, Malabar Pack Marines, Calicut
3. ,, India Sea Foods, Cochin
4. ,, Calicut Food Packers, Calicut

Statement Showing the Conditions under which Parties are Availing of the Facilities of the Ice and Cold Storage Plants.

Ice and Cold Storage Plant, Trivandrum

On the basis of competitive tenders, the facilities of the Plant have been leased out for one year from 23-3-1963 on a monthly rent of Rs. 2,051 to Messrs. Malabar Pack Marines, Sri Vilas, Calicut.

The selected party executed an agreement on stamp paper and took over the plant.

During the contract period, the security of the plant is the responsibility of the lessee.

Ice and Cold Storage Plant, Neendakara

In pursuance of the decision of the Indo Norwegian Project, the No. 1 INP Fishermen Sales Organisation has been allowed to avail of the facilities of the plant on an annual basis at the rates fixed by Government for the different facilities. The rates are as follows :—

LIBRARY ARCHIVES Kerala Legislative Assembly

Cold Room—Rs. 1,000 per annum

Processing hall, Freezer and Freezing Room—at 3 nP. per Kg. to freeze fish and store it in the Freezing Room for 2 weeks and thereafter for every month 1 nP. per Kg. as Storage charges.

at 5 nP. per Kg. to freeze prawn and to store them in the Freezing Room for 2 weeks and thereafter 1 nP. per Kg. as storage charges for every month.

Ice and Cold Storage Plant, Calicut

The facilities in the plant are divided into four compartments and four parties are assigned to carry on operation in the plant. The parties are selected annually on the basis of competitive tenders. The criteria for selection are the quantity offered to be frozen, financial stability of the tenderer, business knowledge, foreign collaboration, ability to cope with frozen fish export trade, etc.

The rates fixed for the various facilities are:—

1. Freezing charge—25 nP. per Kg. of aquatic products.
2. Rentals for storage of frozen product by each party.—Rs. 250 per month for ¼ space
3. Rentals for space allotted for processing of fish by each party.—Rs. 180 per month for ¼ space.
4. Cost of Ice—Rs. 60 per ton of 40 blocks plus Sale tax at 2%
5. Fresh fish storage charges.—1 nP. per Kg. of aquatic products per calendar day.
6. Ice crushing charges—6 nP. per block when crushed by th departmental machine.
7. Freezing of ice—50 nP. (per block of ice frozen).
8. Charges for pre-cooling fish transport van at the request of th parties—Rs 2 per van.

Ice and Cold Storage Plant, Cochin.

The facilities of the plant are leased out annually on the basis oe competitive tenders. The criteria for selection of parties are the same as those in the case of the Plant at Calicut.

The rates fixed for facilities are:—

1. Ice—Rs. 60 per ton.
2. Freezing charges— 25 nP. per Kg.
3. Rental for storage of Frozen fish—Rs. 300 per month for 50 tons per party.
4. Rental for processing space—Rs. 100 per month per party
5. Fresh fish storage—1 nP. per kg. per Calendar day
6. Ice crushing charges 6 nP. per block.
7. Freezing of ice 50 nP. per block.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX IV

[*Please see answer to starred question No.* 436 (27)]

Statement showing Production and sales of Handloom cloth through the Handloom Apex Society during 1953.

Month.	*Production including procurement.*		*Sales*	
	in Metres.	*Value.* Rs	*in Metres.*	*Value* Rs
1/63	112,037	1,72,364.49	77,429	1,29,048.92
2/63	113,459	1,74,472 88	91,987	1,53,276.03
3/63	127,468	1,95,968.15	274,526	4,56,377.00
4/63	151,384	2,32,591.76	103,889	1,72,130.31
5/63	178,202	2,74,037.40	117,968	1,96,550.02
6/63	313,783	4,81,205.54	107,975	1,79,527.69
7/63	147,498	2,27,075.51	79,262	1,31,973.68
8/63	314,351	4,82,077.46	375,682	6,25,095.17
9/63	47,567	73,150.17	62,160	1,04,100.55
10/63	211,218	3,24,981·70	79,781	1,32,968.91
11/63	85,845	1,31,293·99	98,236	1,63726.75
12/63	83,320	1,28,185.85	102,965	1,71,441.99
Total	1,886,132	28,97,404.90	1,571,860	26,16,217.02

LIBRARY ARCHIVES Kerala Legislative Assembly

APPENDIX V

[*Please see answer to starred question No.* 440 (38)]

ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിലേക്കു വിട്ടുകൊടുക്കാനുദ്ദേശിക്കുന്ന സ്കൂളുകൾ

1	ടൈമ്പൽ സ്കൂൾ	കട്ടമല, നെയ്യാറിൻകര താലൂക്ക് തിരുവനന്തപുരം. ഡിസ്ട്രിക്റ്റ്.
2	വെൽഫയർ സ്കൂൾ	മരുതാമല, നെടുമങ്ങാട് താലൂക്ക് ..
3	..	വിളങ്ങര, കൊട്ടാരക്കര താലൂക്ക്, കൊല്ലം
4	..	ആനമൺ ..
5	..	കുളക്കട കിഴക്കു് ..
6	..	അമ്പലപ്പുറം ..
7	..	തേവലപ്പുറം ..
8	..	ചിറ്റാക്കോട് ..
9	..	മുട്ടപ്പള്ളി, കാഞ്ഞിരപ്പള്ളി, കോട്ടയം.
10	..	നന്നുവക്കാട്, പത്തനംതിട്ട, കൊല്ലം
11	..	ചാത്തൻതറ ..
12	..	പണയവയൽ, കാഞ്ഞിരപ്പള്ളി, കോട്ടയം.
13	..	താന്നിത്തോട്, പത്തനംതിട്ട, കൊല്ലം.
14	..	ആവണീശ്വരം, പത്തനാപുരം ..
15	..	പണയം ..
16	..	അരുവിത്തറ ..
17	..	കണ്ണൻചിറ ..
18	..	പട്ടാഴിത്താഴത്തു് വടക്കു് ..
19	..	എലങ്ങമംഗലം, കുന്നത്തൂർ ..
20	..	കരുവാറ്റാ, കാർത്തികപ്പള്ളി, ആലപ്പുഴ
21	..	നെടുംകാവു് വയൽ, കാഞ്ഞിരപ്പള്ളി, ആലപ്പുഴ
22	..	കുവക്കാവു് ..
23	..	തോട്ടക്കാട്, ചങ്ങനാശ്ശേരി താലൂക്കു്, കോട്ടയം.
24	..	തലപ്പുളം, മീനിച്ചൽ താലൂക്കു് ..
25	..	കുറുകച്ചാൽ, ചങ്ങനാശ്ശേരി ..
26	..	ഈഞ്ചപ്പുരി, നെടുമങ്ങാട്, തിരുവനന്തപുരം.
27		ഒലവക്കോട് പാലക്കാട് താലൂക്കു്, പാലക്കാട്.

LIBRARY ARCHIVES Kerala Legislative Assembly